# സുറിയാനിക്രിസ്ത്യാനികളായ പുരുഷന്മാരുടെ ശവസംസ്ക്കാരം

## ഒന്നാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ ഞങ്ങളോടു കരുണ ചെയ്യണമെ. (മൂന്നു പ്രാവശ്യം ചൊല്ലണം)

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യൂണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിനപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും- എന്നേക്കുംതനിക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ.
ആമ്മീൻ.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

### പ്രാരംഭ്പ്രാത്ഥന

പുരോഹിതൻ: കത്താവേ! കഷ്ടതകളും ദുഃഖങ്ങളും നിറഞ്ഞ ഈ ലോകത്തിൽ നിന്നു വേർപിരിഞ്ഞ് യാത്രയായി വിദൂരസ്ഥ മായിത്തീന്നിരിക്കുന്ന ഈ ആത്മാവ്, ആശ്വാസവും ആനന്ദവും നിറഞ്ഞതായ സ്ഥലങ്ങളിലേക്ക് കത്താവിന്റെ വിശുദ്ധ മാലാഖമാരാൽ നയിക്കപ്പെടുവാനും പുനരുത്ഥാനദിവസം വരെ അവിടെ ആനന്ദം അനുഭവിച്ച് പിതൃപുത്രപരിശുദ്ധാത്മാവായ കത്താവിനെ മുഖ്പ്രസന്നതയോടുകൂടെ അഭിമുഖീകരിക്കുവാനും ഇടയാകണമെ. ഹോശോ......

## (51 )ാം മസുമൂറ)

ദൈവമേ! നിന്റെ കൃപയിൻപ്രകാരംഎന്നോടു കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെപാപങ്ങളെ മായിച്ചു കളുയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരു മുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു നിന്റെ വചനത്തിൽ താൻ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ താൻ ജയിക്കുകയും ചെയ്യാനായിട്ടു തന്നെ. എന്തെന്നാൽ അന്യായ ത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. നിന്റെ ഇഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾസന്തോഷിക്കും എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ.വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്ലത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തൂതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്ചയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടു കൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.
ദൈവമേ! സ്തൂതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

ശുബഹോ...... മെനഓാലം.....

എനിയോനെ (കാദീശെദശ്റീശ്കിൻത്തെ)

ആദാം മക്കൾക്കുത്ഥാനം-
വാഗ്ദത്തം ചെ-യ്ക്കോൻ മ്ശിഹാ
നിൻശരണത്തിൽ നിദ്രിതരാം
ഭക്തക്കരുളണമു-ത്ഥാ-നം.

താൽക്കാലികമാം-വാസത്തീ-
ന്നടിയാനെ നീ-ക്കിയ മ്ശിഹാ!
കനിവൊടു കൈക്കൊള്ളുണമിവനെ
വിധിയതിലേറ്ററുതേ-നാ- ഥാ!

വെളിവായെല്ലാം-തൃക്കണ്ണാൽ
കാണും മ്ശിഹാ-രാജാവേ!
നിന്മഹിമോദയ ദിവസത്തിൽ
ഇവനുടെ കറ വെളിവാ-ക്കല്ലെ.

നിൻശരണത്താൽ നിദ്രിതനാം
ദാസനു മ്ശിഹാ-സ്ത്യതി നൽകി
നിന്മഹിമോദയ ദിവസത്തിൽ
വലഭാഗത്തായ് ചേ-ക്കേ-ണം.

സ്വർഗ്ഗകവാടം-ഭേദിക്കും
പറുദീസിൻ താ-ക്കോൽ മ്ശിഹാ!
തവ ശരണേ മൃതനാം ദാസ-
ന്നൻപാൽ വാതിൽ തുറ-ക്കേ-ണമേ.

പോവുക സഹജാ!കരയരുതേ
നാഥൻ പ്രഭയിൽ-പാപ്പിക്കും
വഴി കാണിക്കും പറുദീസിൻ
കാവൽ ക്രോബേ മാ-ലാഖാ.

മൃതലോകത്തീന്നുംലാസർ-
ക്കുത്ഥാനം ന-ൽകിയ നാദം
കബറതിൽ നിന്നും നിന്നെ
വിളി-ച്ചേറ്റീടും പറുദീ-സാ-യിൽ.

മ്ശിഹാനൃപതേ! സൃഷ്ടിപതേ!
സവ്വരഹസ്യം-കാണ്മോനേ!,
നാഥാ! കൃപയാൽ ഞങ്ങളെ
നിൻ ചിറകിൻ മറവിൽ ചേക്കേണമെ.

നിൻശരണത്തിൽ-നിൻകൃപയിൽ
നിദ്രിതനാമീ-സോദരനെ
നിന്നാഗമനപ്പെരുന്നാളിൽ
നിൻകൃപ നേരിട്ടീ-ടേ-ണം.    ബാറെക്മോർ-ശുബഹോ....മെനഓലം....

ജനകാത്മജപാ-വന റൂഹാ!
സത്രിത്വൈകൈശാ!-കല്പനയാൽ,
വാങ്ങിയൊരാത്മാവങ്ങേയ്ക്കായ്
വന്ദനവും സ്തുതിയും ന-ൽകും.

## പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ! കർത്താവിൽ അഭയം പ്രാപിച്ചുകൊണ്ട് തിരുകല്പനപ്രകാരം ഇവിടെനിന്ന് യാത്രയായിരിക്കുന്ന ഈ ആത്മാവിനുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ! ക്രൂരന്മാരായ അശുദ്ധപിശാചുക്കളുടെവഞ്ചകസമൂഹത്തിൽനിന്നും സംരക്ഷിക്കപ്പെട്ട് ജീവനുള്ളവരുടെ വാസസ്ഥലങ്ങളിൽ ചെന്നെത്തുവാൻ തക്കവണ്ണം ഈ ആത്മാവിനെ കാത്തു കൊള്ളണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ! ഈ ആത്മാവ് കർത്താവിന്റെ വിശുദ്ധന്മാരുടെ പട്ടണത്തിൽ അധിവസിക്കുകയും വെടിപ്പുള്ള സ്ഥലത്ത് ഇപ്പോഴും എന്നേക്കും പാർക്കുകയും ചെയ്യുമാറാകണമെ. ഹോശോ.....

## കുക്കിലിയോൻ (അഞ്ചാം രാഗം)

1. നാഥാ! നിങ്കലുയർത്തുന്നെന്നാത്മത്തെ-ഹാലേലുയ്യ
നിയെൻ ശരണം ഞാൻ ലജ്ജിക്കരുതേ-ദേവേശാ!

2. വൈരികൾ ഡംഭം കാട്ടരുതെന്മേൽ-ഹാലേലുയ്യ
ലജ്ജ്ളിക്കരുതെ നിന്നാശ്രിതരാരും

3. ലജ്ജിക്കും ദോഷികൾ വ്യർത്ഥതയാൽ-ഹാലേലുയയു
കർത്താവേ! കാട്ടുക നിൻ പാതകളെ.

4. അറിയിക്കണമെന്നെ നിൻ ചെറുവഴികൾ-ഹാലേലുയ്യ
നേരിൽ നയിച്ചെന്നെപ്പരിശീ-ലിപ്പിക്ക. ബാറെക്മോർ-ശുബഹോ....മെനഒലം....

## എക്ബൊ

സവ്വേശാ മ്ശ്ഹാ! വിശ്രാന്തിയുമാനന്ദമതും ദാ-സക്കരുൾക.
മരണം കൈക്കൊണ്ടോനാം നീ-പാതാള-സ്ഥിതരെ
നാശംതീർത്തെഴുന്നേല്ലിപ്പാൻ സാക്ഷാത്താംജീവോത്ഥാനങ്ങൾ
വാഗ്ദത്തം ചെയ്യോതിയപോൽ ആശ്വാസമവർക്കുത്ഥാനെ നൽക
സ്തൌമെൻകാലോസ്....

## പ്രുമിയോൻ

സ്വന്തരൂപത്തിൽ നമ്മെ രൂപപ്പെടുത്തിയ ഉത്തമനും, സ്വന്ത ഛായയിൽ നമ്മെ നിർമിച്ച സ്രഷ്ടാവും, മണ്ണുകൊണ്ട് നമ്മെ മെനഞ്ഞുണ്ടാക്കുകയും തന്റെ നീതിയിൽ അതിലേക്ക് തന്നെ നമ്മെ തിരിച്ചയയ്ക്കുകയും കൃപയോടെ അതിൽ നിന്ന് വീണ്ടും ഉദ്ധരിക്കുകയും ചെയ്യുന്ന നിമ്മിതാവും ആയവനു സ്തുതി. തന്റെ ദാസന്റെ ശവസംസ്ക്കാര ശുശ്രൂഷ ഞങ്ങൾ നിവഹിക്കുന്ന ഈ സമയത്തും ....... സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ബ്കു..

## സെദറാ

ബലവാനും യോദ്ധാവും ഭയങ്കരനും സകലത്തേയും ഭരിക്കുന്നനുമായ കർത്താവേ! നിന്റെ കല്പനയാൽ സകലവും ഉണ്ടാകുകയും നിന്റെ കല്പനയാൽ തന്നെ എല്ലാം അഴിഞ്ഞുപോവുകയും ചെയ്യുന്നു. തിരുവിഷ്ടപ്രകാരം തന്നെ ജീവനും, അവിടുത്തെ ആംഗ്യത്താൽ അവസാനവും സംഭവിക്കുന്നു. ദൈവമേ! ജീവ്രഘാണവും സകലത്തിന്റേയും ശ്വാസവും കർത്താവാകുന്നു. ദൈവത്തിലുള്ള പ്രത്യാശയിൽ

അപകടപൂര്‍ണ്ണമായ ജീവിതമാകുന്ന ഈ താല്‍ക്കാലിക വിദേശവാസത്തില്‍ നിന്ന് യാത്രയായി നിദ്രപ്രാപിച്ചിരിക്കുന്ന ഈ ദാസനില്‍ കനിയണമെ. തിരു ആശ്വാസ ഭവനങ്ങളിലേക്കു കടക്കുവോളം നിന്റെ വിശുദ്ധ സേനകളാല്‍ ഇവനുസഹായം നല്‍കണമെ. മഹാകാരുണ്യവാനായ ദൈവമേ! നിന്റെ ശ്രേഷ്ഠത ഉദിക്കുകയും തിരുകതൃത്വം വെളിപ്പെടുകയും നിന്റെ പരാക്രമം അറിയപ്പെടുകയും കത്താവിനെക്കുറിച്ചുള്ള ഭയം എല്ലാവരിലും ഉണ്ടാകുകയും ചെയ്യുന്നതായ ആ അവസാന പുനരുത്ഥാന ദിവസത്തില്‍ മാലാഖമാര്‍ കാഹളനാദം പുറപ്പെടുവിക്കുകയും റീശൈമാലാഖമാര്‍ അട്ടഹസിക്കുകയും അഗ്നിമയന്മാരുടെ സകല സംഘങ്ങളും ദൈവീക ഭങ്കരതയുടെ പ്രഭാവത്തെ കൊണ്ടാടുകയും ചെയ്യുമ്പോള്‍ രാജ്യങ്ങള്‍ മാഞ്ഞുപോവുകയും തലസ്ഥാനങ്ങള്‍ അഴിഞ്ഞു പോവുകയും പ്രശംസക്കാരുടെ സിംഹാസനങ്ങള്‍ നശിച്ചു മറിഞ്ഞുപോവുകയും സംവത്സരങ്ങള്‍ ഛേദിക്കപ്പെടുകയും മാസങ്ങളുടെ സംഖ്യയ്ക്ക് അഴിവുണ്ടാവുകയുംരാപകലുകള്‍ ഒടുങ്ങിപ്പോവുകയും സൃഷ്ടി മുഴുവന്‍ ശൂന്യമായി അവശേഷിക്കുകയും ആകാശം ഇളകുകയും സൂര്യന്‍ അന്ധകാരപ്പെടുകയും ചന്ദ്രനും നക്ഷത്രങ്ങളും കാര്‍മേഘാവൃതമായി തീരുകയും ചെയുന്ന സമയത്ത്, കത്താവ് ഭയങ്കരമായ നിലയില്‍ ആഗതനാവുകയും പ്രത്യക്ഷമായി കാണപ്പെടുകയും എല്ലാ ഭൂഭാഗങ്ങളെയും അതിത്തികളേയും ഭയത്തോടും വിറയലോടും നിറുത്തുകയും നീതിമാന്മാര്‍ ആനന്ദിക്കുകയും പുണ്യവാന്മാര്‍ സന്തോഷിക്കുകയും പ്രകാശ സന്താനങ്ങളെല്ലാവരും കത്താവിനെ എതിരേല്‍ക്കുവാനായി പുറപ്പെടുകയും ദുഷ്ടന്മാര്‍ ലജ്ജിക്കുകയും വിജാതീയര്‍ മ്ലാനവദനരാവുകയും ദുഷ്ക്കമ്മികള്‍ നാണിച്ചു നില്‍ക്കേണ്ടി വരികയും ചെയ്യുമ്പോള്‍, നിന്റെ മഹിമയുടെ സിംഹാസനം ഒരുക്കപ്പെടുകയും ആനന്ദപ്രദമായ നിന്റെ ശബ്ദും എല്ലാ ജഡങ്ങളേയും ഒരുമിച്ചു കൂട്ടുകയും നീതി കോപിപ്പിക്കുയും അഗ്നി ജ്വലിക്കുകയും വാള്‍ മൂച്ചകൂട്ടപ്പെടുകയും അന്ധകാരം വ്യാപിക്കുകയും നാശവും ദണ്ഡനവും വിധിക്കപ്പെടുകയും പല്ലുകടി കേള്‍ക്കപ്പെടുകയും ഉത്തമന്മാര്‍ വേര്‍തിരിക്കപ്പെടുകയും പാപികള്‍ ശിക്ഷയ്ക്ക് വിധിക്കപ്പെടുകയും സവ്വരുടേയും പ്രവൃത്തികള്‍ പരസ്യമായി പരിശോധിക്കപ്പെടുകയും ചെയ്യൂന്നതായ ആ സമയത്ത് അവിടെയുള്ള ശിക്ഷാവിധിയില്‍ നിന്നും ഈ നിന്റെ ദാസന്റെ ആത്മാവിനെ സംരംക്ഷിച്ചുകൊള്ളണമെ. നിന്റെ മനുഷ്യസ്നേഹം മൂലം ഇവനില്‍ കരുണചെയ്യുണമെ. ഇവന്‍ ചെയ്തുപോയിട്ടുള്ള ഹീനകമ്മങ്ങളെ പരിഗണിക്കരുതെ. ഇവന്‍ ചെയ്തു പാപങ്ങളെ ഓമ്മിക്കയുമരുതെ. ഭയങ്കരമായ തിരുന്യായവിധിയില്‍ ഇവനെ ശിക്ഷിക്കരുതെ. നിന്റെ കൃപയില്‍ നിന്ന് ഇവന്‍ നിരോധിക്കപ്പെടുകയുമരുതെ. കത്താവിനെ സ്നേഹിച്ചിട്ടുള്ള കൂട്ടത്തില്‍ നിന്ന് ഇവന്‍ വേര്‍തിരിക്കപ്പെടുവാനിടയാകരുതെ. തിരുകരുണയിന്‍ ചിറകു വിരിച്ച് ഇവനെ സംരക്ഷിച്ചു കൊള്ളുണമെ. കത്താവിന്റെ ദിവസത്തിനായി സന്തോഷപുവ്വം കാത്തിരിക്കുന്ന കത്താവിന്റെ സകല സ്നേഹിതന്മാരും വത്സലന്മാരും കത്താവിനോടപേക്ഷിക്കുമാറാകണമെ. കത്താവിന്‍െറ രാജ്യത്തിന്് ഇവനെ അഹനാക്കണമെ. മുഖപക്ഷമില്ലാത്തവനും അവനവന്റെ പ്രവത്തികള്‍ക്ക് തക്കപോലെ എല്ലാവക്കും പ്രതിഫലം നല്‍കുന്നവനുമായ നീതിയും സത്യവുമുള്ള ന്യായാധിപതിയായുള്ളോവേ! ഇവന്‍ സന്തോഷാനന്ദങ്ങളോടെ കത്താവിന്റെ കൂടെ മണവറയിലേക്കു പ്രവേശിക്കുകയും കത്താവിന്റെ കരുണയേയും കൃപയേയും സ്തുതിച്ച് പാടുകയും ചെയ്യുമാറാകണമെ. കത്താവിന് കത്താവിന്റെ പിതാവിനോടും പരിശുദ്ധറൂഹായോടും കൂടെ സ്കൂതി യോഗ്യമാകുന്നു. ഹോശോ...... ദൈവത്തില്‍ നിന്ന്.........

## തക്ശെപ്തൊ (ഹൊയ്ദേന്‍ മൊദ്റോലൊന്‍)

സ്ഥാ-ന്നഭംശത്താല്‍ സൃഷ്ടികളഖിലം
സംഭ്രമപൂവ്വം-മറിയുമ്പോള്‍
ആദിത്യനുമമ്പിളിയും താരകളും
പ്രഭയില്ലാതായ് മറയുന്നു.
ലോകം സ്രഷ്ടരവ-വിന്‍ വാക്കാല്‍

അന്ത്യാവസ്ഥ-യിലെത്തുന്നു
പാടേ-കബറുകളിളകിപ്പിളരുന്നു
നിര്യാതന്മാ-രുയരുന്നു
നേ-രും നീതിയുമുൾക്കൊള്ളും
നിയതവിധിക്കായ് വിധിഗേഹം പ്രാപി-ക്കു-ന്നു. മൊറിയൊ......

## എത്രാ

കത്താവേ! സത്യവിശ്വാസത്തോടും സൽപ്രവൃത്തികളോടുംകൂടെ ഈ ലോകത്തിൽ നിന്ന് യാത്ര പുറപ്പെട്ടിരിക്കുന്ന വിശ്വാസിയായ ഈ സഹോദരന്റെ ആത്മാവിന് കത്താവ് വിമോചകനും പാപപരിഹാരകനും ആയിരിക്കണമെ. ഇവന്റെ ആയുഷ്ക്കാലത്ത് ഇവൻ ചെയ്തുപോയിട്ടുള്ള സകല പാപങ്ങളും തെറ്റുകളും മ്ലേഛതകളും അനുഗ്രഹസമ്പൂണ്ണമായ നിന്റെ കരുണാസമുദ്രത്തിൽ കഴുകി വെടിപ്പാക്കണമെ. ജീവദായകമായ തിരു ദൈവത്വത്തിന്റെ കല്പനയാലും ആംഗ്യത്താലും ഇവനെ നാശത്തിൽ നിന്നും നശ്വരതയിൽ നിന്നും ഉദ്ധരിക്കണമെ. മഹനീയമായ നിന്റെ ശ്രേഷ്ഠതയിൻ കല്പനയാൽ ഇവന്റെ ദേഹിയെയും ആത്മാവിനെയും വിശുദ്ധീകരിക്കണമെ. ഇവനുവേണ്ടി ഞങ്ങൾ അണച്ചിരിക്കുന്ന ഈ ധൂപത്താൽ ഇവനു പാപപരിഹാരം നൽകണമെ. കരച്ചിലോ വിലാപമോ ഇല്ലാത്ത സന്തോഷോല്ലാസങ്ങളുടെ സ്ഥലത്ത് ഇവനെ ആശ്ധസിപ്പിച്ചുകൊള്ളണമെ. ഞങ്ങളും വിശ്വാസികളായ സകല മരിച്ചുപോയവരും നിന്റെ വലത്തുഭാഗത്ത് നിന്നുകൊണ്ട് പിതൃപുത്രപരിശുദ്ധാത്മാവായ തനിക്ക് സ്തതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ.......

## കോലൊ (മൊറഫീമിൻ)

1.ആദാമിലാ-രംഭി-ച്ചായതമായ് മ്ശിഹായോളം
മരണം നീ-ണാളോടി
മ്ശിഹായ-മ്മരണത്തി-ന്നധികാരം
ഒഴിവാക്കി-പ്പാപത്തിൻ-മുനനീക്കി
ഘോഷിക്കു-ന്നെല്ലാ-ത്തലമുറയും സ്കീപ്പായിന്മേൽ
നേടിയതാം-വിജയത്തെ.

2.പുനരുത്ഥാ-നത്തിൽ-മാഞ്ഞീടും മൃതിയൊടു പാപം
ലജ്ജഇജ്ടിതനാ-കും സാത്താൻ
നീതിപര-ന്മാരെല്ലാം-മോദിക്കും
ശോഭനമാം-വസനത്താൽ ഭൂഷിതരായ്
ദീപികയാ-ളിച്ചി-ട്ടവരെത്തും മണവാളനുമായ്
മണവറയെപൂകിടുവാൻ

ബാറെക്മോർ-ശുബഹോ.......

3.ഗാത്രത്തോ-ടാത്മാ-വോതുന്നു സസമാധാനം
പ്രിയസഹജാ-മരുവുക നീ
പോകുന്നേൻ-നിന്ന രി കി-ന്നന്നേരം
നിഖിലേശൻ -കൾപ്പിക്കും -സ്ഥാനത്തിൽ
കർത്താവിൽ -ഞാനാ-ശിക്കുന്നുണ്ടുത്ഥാനത്തിൽ
നിന്നെക്കാ-ണാൻ വീണ്ടും. മൊറിയൊ......

4.മ്ശിഹാരാ-ജാവിൻ-വരവിങ്കൽ ദൂതവരന്മാർ
കാഹളമൂ-തുന്നേരം
കബറുകളും-പാറകളും-പൊളിയുമുടൻ
മൃതരെല്ലാ-മുത്ഥാനം-ചെയ്തീടും
ദീപികയാ-ളിച്ചി-ട്ടവരെത്തും മണവാളനുമായ്

മണവറയെ-പൂകിടുവാൻ.

## മദറോശൊ (തുബൌലമൻ)

ന്യായധിപ നാഥാ/-ഈ-ശോയേ!
വിധിവിജയം നേടു-ന്നോ-ൻ ധന്യൻ

1.നാമെങ്ങെന്നോപ്പിൻ-സോ-ദരരേ!
വിധിവിജയം നേടു-ന്നോ-ൻ ധന്യൻ
നാമിന്നാൾ വീട്ടിൽ ഭാ-ഷിക്കും
നാളെക്കബറുകളിൽ-മൌ-നികളാം
നിത്്യമിതോക്കുന്നോൻ താൻ-ധന്യൻ.

2.ഭ്രാതാക്കന്മാരേ!-സ-ശ്രദ്ധം-
കേട്ടറിവിൻ നിങ്ങൾ-സ-മ്പത്തും
സന്ദര്യവുമാജ്ഞാ-ശ-ക്തിയതും
പൊയ്പ്പോയ നിശ്ശേഷം-മാ-ഞ്ഞീടും
നിത്യം വാഴുന്നോൻ-താ-ൻ ധന്യൻ.

3.സോദരരന്യോന്യംമ-ല്ലിട്ടു
മദ്ധ്യേ മൃതിവേഗം-ചെ-ന്നെത്തി
ഭാഗം ഭാഗം വേർ-പാ-ടാക്കി
കത്താവിനെയാന്നോൻ-താ-ൻ ധന്യൻ.

4.മൃതസങ്കേതം ഞാൻ-പ്രാപിച്ചു.
മോദകരം തേജ-സ്സു-ങ്ങില്ല
ശാശ്വതതേജസ്സറേ്-നി-ന്നാൽ ഞാ-
നാനന്ദസ്ഥാനം-പ്രാ-പിക്കും.

## ബ്രീക്കു മ്ശീഹൊ

ഉ-ത്ഥാനദിനേ-മൃതജനതയ്ക്കുയിരേകി
ശോ-ഭനഗാത്രം-നൽകും മ്ശിഹാ ധന്യൻ

1.ഹേ!-മൃതിഗതരേ! ഉത്ഥാനം-ദ്രുതമെത്തും
വേ-ദിക്കേണ്ടാ-ദേഹത്തിൻ നാശത്തിൽ
സുന്ദരമായ്- നിങ്ങളെ നിമ്മിച്ചോൻ
ഗാത്രത്തി-ന്നുത്ഥാനം നൽകി
സവ്്യക്കും-പ്രതിദാനം-യോഗ്യതപോലരുളിടും

2.ആദ്രതമൂലം- പാതാളം പൂകി മൃതർ-
ക്കെല്ലാപേക്കും- മാഗ്ഗം കാണിച്ചോനേ!
ആദമ്യ-ക്കുത്ഥാനം നൽകാൻ
അന്ത്യദിനേ-നീ വന്നീടുമ്പോൾ
നിന്നിലുറ-ങ്ങും ദാസ-ന്നമ്പൊടു നൽ-കുക ജീവൻ

3.ഹാ!-സ്നേഹിതരെ! മൃതിദൂതൻ-വന്നെത്തി
വേ-ഗം പോവാ-നവനെന്നെ-ധൃതികൂട്ടി
പരിചിതരെ-കണ്ടീടാനവനോ-
ടനുവാദം-ഞാനഭ്്യത്ഥിച്ചു

യാചനയും-കോഴകളും-കൈക്കൊണ്ടി-ല്ലവനയ്യോ

4.ഞാ-ൻ ചെയ്യുന്നെ-ന്തെൻപ്രിയരെ! വത്സലരേ!
നോ-ക്കീടുന്നേൻ-പിഴയെന്നെ-വിധിനിലയേ
എൻപാപം-ഞാനോക്കുന്നെന്നെ-
നവതേടും-സംഭരമമിയലുന്നേൻ
അൻപുടയോൻ-തൻവരവിൽ-കൃപചെയ്യാനത്ഥിപ്പിൻ.

5.ഹാ! സോദരരേ! മൃതിരചിതം-മദകരമാം
ഈ-പാഠനീയം-പാക്കിലഹോ-ബഹുതിക്തം
സുതരതിനാൽ-താതനെയും ജനനീ
ജനകന്മാർ-വത്സലസുതരെയും
ഓത്തീടു-ന്നില്ലിതിനെ-നിയമിച്ചോൻ-വാഴ്വുടയോൻ

## മാർ യാക്കോബിന്റെ ബോവൂസൊ

ദൈ-വാത്മജനേ! ശാശ്വതരാജ്യത്താശ്വാസം നിൻ
ദാ-സന്നേകുക ധാമ്മിക ശുദ്ധന്മാരോടൊപ്പം

കംല്ലറയീന്നും മൃതരെയേറ്റീട്ടുത്ഥാനത്തിൽ
തേ-ജോമയമാം വ്രസ്തം നൽകുന്നോനേ! സ്തോത്രം

ദൈ-വത്താൽ പ്രേഷിതനാം ദൂതൻ ഭീതിപ്രദനാം
ശീ-ര്ലം പ്രേഷിപ്പിച്ചീടുമ്പോളേറ്റം ഘോരൻ.

പഠ-പം തീണ്ടിയോരാത്മത്തെ ജവമിങ്ങെത്തിക്കെ-
ന്നീറെനോടുന്നതനാംഗ്യത്താൽ കല്പിക്കുന്നു.

ദൂ-തൻ താണിട്ടേകീടുന്നു മൃതിയിൻ ശിക്ഷ
താ-ഡിക്കുന്നു മരണദ്രസ്തത്താൽ ദൃദ്ഃഗാത്രത്തെ.

ഗാ-ത്രമശേഷം ജ്വരമാം ദഹനൻ ബാധിക്കുന്നു
വേ-ദനയാലസ്ഥികളന്യോന്യം തിക്കീടുന്നു.

സം-ങ്കടഭാരം ചിത്തത്തേ ഹാ! മഥനം ചെയ്യൂ.
മു-മ്പിൽ കാര്യം സവ്വവുമൊന്നായ് വന്നിടുന്നു.

തേ-ജോത്രന്ധം സുന്ദരന്റേതം മങ്ങീടുന്നു.
ചു-ണ്ടുകൾ രണ്ടും മരണത്തിൻ വീഞ്ഞുൾക്കൊള്ളുന്നു.

മ-ണ്ണാലാദാമിനെ നിമ്മിച്ചോൻ താതൻ സ്തുത്യൻ
ക്രൂ-ശിൻപാടാൽ രക്ഷിച്ചോനാം പുത്രൻ വന്ദ്യൻ

അന്ത്യം ജീവൻ നൽകീട്ടവനെ മക്കളൊടൊപ്പം
തേ-ജസ്സണിയിച്ചീടും റൂഹാ സ്തോത്രാഹൻ താൻ.

കംല്ലറയീന്നും മൃതരെയേറ്റീട്ടുത്ഥാനത്തിൽ
തേ-ജോമയമാം വ്രസ്തം നൽകുന്നോനേ! സ്തോത്രം.

## സുറിയാനിക്രിസ്ത്യാനികളായ പുരുഷന്മാരുടെ ശവസംസ്ക്കാരം

### രണ്ടാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ ഞങ്ങളോടു കരുണ ചെയ്യണമെ. (മൂന്നു പ്രാവശ്യം ചൊല്ലണം)

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യൂണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിനപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും- എന്നേക്കുംതനിക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ.
ആമ്മീൻ.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.
.

### പ്രാർത്ഥന

മരണമുള്ളവരെ പാപമരണത്തിൽ നിന്ന് രക്ഷിക്കാൻ വേണ്ടി ശരീരപ്രകാരം മരണമനുഭവിച്ച ഉത്തമനും മരണമില്ലാത്തവനുമായ ദൈവമേ! നിന്റെ കരുണയുടെ പ്രത്യാശയിൽ നശ്വരമായ ഈ ലോകത്തിൽ നിന്ന് യാത്രയായിരിക്കുന്ന ഈ ഞങ്ങളുടെ സഹോദരൻ ം . വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. ഇവൻ ആത്മിയമായ പൂണ്ണാശ്വാസം നൽകുകയും തിരുരാജ്യത്തിലെ വിരുന്നിൽ തോഴന്മാരുടെ കൂടെ ഇവനെ ഇരുത്തുകയും ചെയ്യണമെ. ജീവനുള്ളവനും ജീവൻ നൽകുന്നവനുമായ പിതൃപുത്ര പരിശുദ്ധാത്മാവായ ഏക ദൈവമേ/കത്താവ് ഉത്തമനും

മനുഷ്യസ്നേഹമുള്ളവനുമാകുന്നുവല്ലോ. കർത്താവിൻ എന്നന്നേക്കും ബഹുമാനം യോഗ്യമാകുന്നു.

## കുക്കിലിയോൻ (ആറാം രാഗം)

1. വാഴ്ത്തുക നാഥനെയെന്നാത്മാവേ! ഹാലേലുയ്യ
തിരുനാമത്തെയെന്നസ്ഥികളേ!

2. വാഴ്ത്തുക നാഥനെയെന്നാത്മാവേ! ഹാലേലുയ്യ
ഓക്കുക തൽപ്രതിദാനങ്ങൾ

3. മോചിച്ചീടും നിൻ പാപങ്ങൾ-ഹാലേലുയ്യ
വേദനകൾക്കേകും ശമനം

4. നാശമൊഴിച്ചവനം ചെയ്യും ഹാലേലുയ്യ
കാരുണ്യത്താൽ താങ്ങും നിന്നെ. ബാറെക്മോർ-ശുബഹോ.....മെനഓലം.....

## എക്ബൊ (ഹൌ ദത്ത്ഇൻ)

സ്നാന നിന്നെയണിഞ്ഞോരെ
മുടിവിനു നാഥ-വെടിയരുതെ
നിന്തിരുമെയ് ഭക്ഷിച്ചോരെ
ദഹനൻ ഭക്ഷി-ച്ചീടരുതെ

നിന്നെ-വാഴ്ത്തിയ വദനങ്ങൾ
വിലപിക്കരുതേ വേദനയാൽ
മൃതരെ സന്ദശിച്ച സുതാ!
കൃപയടിയാരിൽ ചെ-യ്യോ-ണം. സ്തൌനമെൻകാലോഗസ്

## പ്രുമിയോൻ

മരിച്ചവരെ പുനരുത്ഥാനം ചെയ്യിക്കുന്നവനും കബറടക്കപ്പെട്ടവരെ എഴുന്നേല്പിക്കുന്നവനും ജീവനുള്ളവരുടേയും മരിച്ചവരുടേയും ന്യായാധിപനും സകല ആത്മാക്കളുടെയും ജഡങ്ങളുടെയും ദൈവവും മരിപ്പിക്കുകയും ജീവിപ്പിക്കുകയും പാതാളത്തിലേക്ക് ഇറക്കുകയും അവിടെ നിന്ന് കയറ്റുകയും ചെയ്യുന്നവനും മനുഷ്യന്റെ ആയുഷ്ക്കാലത്തിന് പരിമിതി നിണ്ണയിക്കുകയും മരണം മുഖേന അതിനെ അഴിച്ചുമായിച്ചുകളയുകയും അക്ഷയവും അനശ്വരവുമായ ജീവിതത്തിനായി വിളിച്ചെഴുന്നേല്പിക്കുകയും ചെയ്യുന്നവനുമായ കത്താവിന് സ്തുതി. തന്റെ ദാസന്റെ ശവസംസ്ക്കാര ശുശ്രൂഷനിവഹിക്കുപ്പെടുന്ന ഈ സമയത്തും............ ഉത്തമനായ തന്നെ നാം ഓത്തു മഹത്വപ്പെടുത്തണം. ബ്ക്ലഹൂൻ,

## സെദറാ

ബലവാനായ ദൈവമായ കത്താവേ! മഹനീയമായ കത്താവിന്റെ പ്രത്യക്ഷതയുടെ ആ അവസാന ദിവസത്തിൽ പരേതർ നാശരഹിതരായി ഉത്ഥാനം ചെയ്യുകയും സകല പരേതരുടേയും അസ്ഥികൾ ശേഖരിക്കപ്പെടുകയും സൂര്യചന്ദ്രന്മാർ ഇരുണ്ടുപോവുകയും നക്ഷത്രങ്ങൾ പ്രകാശരഹിതമായിത്തീരുകയും ഭയങ്കര കാഹളങ്ങൾ ധ്വനിക്കുകയും ശുശ്രൂഷകന്മാരായ മാലാഖമാർ ഭയത്തോടെ നിൽക്കുകയും ഭയങ്കരങ്ങളായ പുസ്തകങ്ങൾ തുറക്കപ്പെട്ട സകലരുടേയും പ്രവൃത്തികൾ പരിശോധിക്കപ്പെടുകയും ജ്ഞാനികൾ മൌനമായും സമത്ഥന്മാർ

വിസ്മയിച്ചും നിൽക്കുകയും നീതിമാന്മാർ മണവറയിൽ സന്തോഷിക്കുകയും ദുഷ്ക്കമ്മികൾ അഗ്നിക്ക് ഭക്ഷണമായ് നൽകപ്പെടുകയും പുണ്യവാന്മാർ പ്രകാശത്തിൽ ആനന്ദിക്കുകയും ദുഷ്ടന്മാർ പുറത്തെ അന്ധകാരത്തിലേക്ക് അയ്ക്കപ്പെടുകയും വിശുദ്ധന്മാർ സന്തോഷിക്കുകയും ശ്രേഷ്ഠന്മാർ ആഹ്ലാദിക്കുകയും പാപികൾ ആഴമേറിയ കുഴിയിലേക്ക് വിധിക്കപ്പെടുകയും വലത്തുഭാഗം ജയത്താൽ ശ്രേഷ്ഠതപ്പെടുകയും ഇടത്തുഭാഗം നിത്യദണ്ഡനത്തിലേക്ക് തള്ളപ്പെടുകയും ഇരുഭാഗങ്ങളും അവരവർ അഹിക്കുന്നത് പ്രാപിക്കുകയും അവയ്ക്ക് മാറ്റം സംഭവിക്കാതിരിക്കുകയും ചെയ്യുന്നതായ ആ സമയത്ത്, കത്താവേ! കത്ത്്യരൂപത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ടവനായ ഈ ദാസനിൽ കത്താവിന്് അനുകമ്പതോന്നണമെ. കത്താവിന്റെ വിശുദ്ധ കൈകളാൽ നിമ്മിക്കപ്പെട്ട് അലങ്കരിക്കപ്പെട്ടതായ ഈ വാത്സല്യസൃഷ്ടിയിൽ കത്താവിന്ന് സഹതാപം തോന്നണമെ. കത്താവിനെ സ്തുതിക്കുവാനായി നിമ്മിക്കപ്പെട്ട ഈ പത്തു കമ്പിയുള്ള കിന്നരത്തെക്കുറിച്ച് അനുകമ്പ തോന്നണമെ. മരണം നശിപ്പിക്കുകയും ചിതലിനും പുഴുവിനും കൂടായിത്തീരുകയും ചെയ്യുന്ന ഈ മാനുഷിക ജനലുകളെക്കുറിച്ചും കോട്ടുകളെക്കുറിച്ചും അനുകമ്പ തോന്നണമെ. പൂഴിയായിത്തീരുന്ന ഈ സുന്ദരമായ ആകാരത്തെക്കുറിച്ച് കനിവുണ്ടാകണമെ. മാമൂദീസായുടെ റൂശ്മായാൽ മുദ്രയിടപ്പെട്ടവനും ജീവനുള്ള തിരുശരീരരക്തങ്ങൾ അനുഭവിച്ചിട്ടുള്ളവനും ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്റെ ജീവിതം അവസാനിപ്പിച്ച് നിന്റെ സന്നിധിയിലേക്ക് യാത്രയായിരിക്കുന്നവനുമായ ഈ ദാസനിൽ കനിവു തോന്നണമെ. പ്രീതിയോടെകൂടെ ഇവന്റെ ആത്മാവിനെ കൈക്കൊള്ളുകയും ദുഷ്ടാത്മക്കളുടെ സ്ഥാനങ്ങളിൽ നിന്ന് കാത്ത് നിന്റെ മാലാഖാമാരാകുന്ന സേനകളുടെ സഹായത്താൽ ഇവനെ സംരക്ഷിച്ചുകൊള്ളുകയും ചെയ്യുണമെ. കത്താവേ! തിരുരാജ്യത്തിന്റെ മാഹാത്മ്യത്തെ തിരിച്ചറിയാതിരുന്നവരോടുകൂടെ നരകശിക്ഷയ്ക്കായി ഇവനെ വിധിക്കരുതെ. നിന്റെ മനുഷ്യവതാരത്തെ ദുഷിച്ചവരോടുകുടെ കത്താവിനോടൊരുമിച്ചുള്ള ആനന്ദത്തിൽ നിന്ന് ഇവനെ കള്ളിക്കളയരുതെ. മനുഷ്യപ്രീതിയാൽ ഇവനിൽ ദയതോന്നി നിന്റെ മഹാകരുണയാൽ ഇവനെ ദശിക്കുമാറാകണമെ! തിരുനിവാസസ്ഥലത്ത് ഇവനെ എത്തിക്കണമെ. കത്ത്യവിശുദ്ധന്മാക്കുള്ള ഓഹരിയിൽ ഇവനെയും ഉൾപ്പെടുത്തണമെ. കത്താവിന്റെ പ്രകാശമണവറയിൽ ഇവനെയും ക്രമീകരക്കണമെ. ജീവകരമായ പുനരുത്ഥാനത്തിനും കത്താവിന്റെ വലത്തുഭാഗത്തുള്ള ശ്രേഷ്ഠമായ നിലയ്ക്കും ഇവനെ അഹനാക്കണമെ. ഇവന്റെ കടങ്ങളുടെ മോചനത്താൽ ഇവനെ ആനന്ദിപ്പിക്ടുകയും പിഴകളുടെ ക്ഷമയാൽ സന്തോഷിപ്പിക്കയുംചെയ്യുണമെ. മഹനീയമായ തിരുതേജസ്സാൽ ഇവനെ ആനന്ദിപ്പിക്കണമെ. കത്താവിന്റെ വലത്തുഭാഗത്തുള്ള തെരഞ്ഞെടുക്കപ്പെട്ടവരോടുകൂടെ മഹത്വത്തിൽ ഇവൻ ശോഭിക്കുമാറാകണമെ. കത്താവേ! ക്ഷണികവും അപകടപൂണ്ണവുമായ ഈ ജീവിതത്തിൽ അവശേഷിക്ടന്ന പാപികളും നിന്റെ ദാസരുമായ ഞങ്ങളെ കരുണാപൂവ്വകമായ നിര്യാണത്തിനും തിരുഭവനക്കാക്കും വത്സലന്മാക്കും ഉചിതവും കത്താവിനു പ്രീതികരവുമായ നല്ല അവസാനത്തിനും അഹരാക്കണമെ. ഞങ്ങളിൽ ഒരുവനെപ്പോലും തിരുരാജ്യത്തിൽ നിന്ന് അന്നും വേർതിരിക്കപ്പെട്ടവനുമാക്കിത്തീക്കരുതെ. സ്നേഹപുവ്വം ക്രിസ്തു വന്നു ഞങ്ങളെ രക്ഷിച്ചതുപോലെ വീണ്ടും തിരികെ വന്ന് കത്താവിനു യോഗ്യമായ നിലയിൽ ഞങ്ങളെ ഒരുക്കിക്കൊള്ളണമെ. രക്ഷയും വീണ്ടെടുപ്പും നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും ഉള്ളതാകുന്നു. ഹോശോ. ദൈവത്തിൽ നിന്ന് .......

(തക്ശെപ്തൊ രരനഹമോനൊ)

ജീവദനേ! മൃതിയാന്നോരെ-
യുത്ഥാനം-ചെയ്യിപ്പോനേ!
ക്ഷണവും സ്നോത്രവുമറ്റോരാം
മൃതിഗതരെ-ജീവിപ്പിക്ക.

ലാസറിനെ-ക്കല്ലറയീന്നും
ആഹ്വാനം-ചെയ്യോരു നാദാൽ
വിശ്വാസ-ത്തൊടു മൃതിപൂണ്ടോർ-
ക്കുത്ഥാനം നൽകീടണമെ. മോറിയൊ......

## എത്രൊ

മഹാകാരുണ്യവാനായ ദൈവമായകത്താവേ! ഞങ്ങൾ അപേക്ഷിക്കുന്നു. മരണനിദ്ര പ്രാപിച്ചിരിക്കുന്ന ഈ നിന്റെ ദാസന്റെ ആത്മാവിനുവേണ്ടി ഇപ്പോൾ ഞങ്ങൾ കത്താവിനണച്ചതായ ഈ ധൂപം കൈക്കൊണ്ട് പാപപരിഹാരത്തിനും മോചനത്തിനും തിരുസന്നിധിയിലുള്ള മുഖ്പ്രസന്നതയ്ക്കും ഇവനെ അഹനാക്കണമെ. മോറാൻവാലോഹാൻ......

## കോലൊ (മൽക്കൊമ്നഹമോനൊ)

കൈക്കൊ-ള്ളുക നാഥാ!
നിൻ ദാസൻ തൻ സംസ്ക്കാരം
ഞങ്ങളണച്ചോ-രീപ്പരിമളധൂപം
ഇതിനാ-ൽ നിൻ ശരണേ
മരണമടഞ്ഞോർക്കാശ്വാസം
സ്മൃതിയോടൊപ്പം-നീ നൽകീടണമെ

ജീവ-പ്രദരാജൻ! മഹിമയിൽ വാനത്തീന്നുമുദി-
ച്ചേകും-മൃതരാ-മഖിലക്കും ജീവൻ
ഒന്നായ്-മൃതരെല്ലാം
കബറീന്നുത്ഥിതരായ്, പ്രാണൻ
നൽകും നിന്നെ-സ്ത്ോത്രം ചെയ്തീടും ബാറെക്മോർ-ശുബഹോ.........

എൻഗാ-ത്രം ഭക്ഷിച്ചുയിരേലും രുധിരം പാനം
ചെയ്യോനെ ഞാൻ വെടിയാ ശീയോളിൽ
എന്ന-ലവനെന്നും, ജീവിപ്പാൻ ഞാൻ മൃതനായെ-
ന്നീശൻ ചൊന്നോ-രാവചനം സ്തുത്യം മെനഓലം.....

സ്നേഹ-ത്തോടെത്തി, സ്ലീബായാൽ രക്ഷിച്ചവനാ-
യിനിയും വന്നി-ട്ടാദാമയരെയേറ്റിത്ത
മഹിമാം-ബരമേകും, ജയവീരൻ ഈശോന്ൃപനെ
നാം സ്തോത്രം ചെ-യ്കാരാധിക്കേണം.

## മദറോശൊ (്ർദൈസൊ)

നവ്യതയുത്ഥാനേ-കരുണാബ്ധേ! നൽക
നിന്നിൽ നിദ്രിതരാം-നിൻദാസന്മാക്കായ്

1.സോദരരേ! കാണ്മിൻ-കബറിൻ സംഹാരം
മത്യാഗാരത്തെ-മൃത്യ ഹനിക്കുന്നു.
ആദാമിൻ ക്ഷയമോ-ത്തീമൃതിയിൽ കേഴിൻ
മൃതിലോകത്തിൽ പൊടിയാമീയുലകത്തിൽ
മോഹത്തെ വിടുവിൻ-കരുണാപൂണ്ണ! നിൻ
സൃഷ്ടി ക്കേകണമേ-പുതുമയുയപ്പിങ്കൽ.

2.മൃത്യരുടെ ഹോമാനിൽ-വന്നേറികാണ്മിൻ
മൃതികൂമ്പാരംപോൽ-കൂട്ടിയ മാനവർ തൻ
ദുദഗഗാത്രങ്ങൾ-പാഴ്മൺപാത്രങ്ങൾ
ഭീകരമസ്ഥികളിൽ കൃമികൾ കുടികൊൾവൂ
ഇതുകണ്ടാൽ താഴ്ത്തും-തല ഗവിഷ്ഠന്മാർ
നശ്വരലോകത്തെ-സ്നേഹിപ്പോർ വാടും.

3.പ്രിയരേ! സുന്ദരരേ! പാതാളം പൂകിൻ
സങ്കടരംഗത്തിൽ-മ്ലേച്ഛുതയെ കാണ്മിൻ
അഴകെല്ലാം പോയി-ചമയങ്ങൾ പാഴായ്
മോദം നൽകും പരിമളമില്ലവിടെങ്ങും
ആരെയുമോടിക്കും-ദുഗന്ധം പാരം
ചാച്ചക്കാരനെയും-നേരിടുവാൻ വയ്യാ.

4.നിൻശരണേ മൃതരാം-ജനക ഭ്രാതാക്കൾ
സൌഈഭാഗ്യസ്ഥാന-ത്തേൽക്കണമാശ്വാസം
വംശവിധിക്കായ് നീ-ആഗതനാകും നാൾ
ഉന്നതമാം യേറുശലേമിൽ നിന്നടിയാർ
മോദാഗാരത്തിൽ-വിമലന്മാരൊപ്പം
സ്തൂതി നിത്യം പാടാൻ-ഭാഗ്യം നേടേണം.

5.സ്വഗ്ഗപതേ! മൃതരെ-ജീവിപ്പിക്കണമെ
നിൻശരണേ ജീവൻ-വിരമിപ്പിച്ചോരാം
സകല പരേതക്കും-മോചനമേകണമെ
നിന്നുടെ വൻദിനമതിലവർ മോദിക്കണമെ
അവരഴലില്ലാതെ-തേജോധാരികളായ്
മണവറയെ മോദാൽ-പ്രാപിച്ചീടേണം.

6.സ്തൂതി കാരുണ്യത്താൽ-സൃഷ്ടിച്ചോൻ ജനകാ!
സ്തോത്രം സ്ലീബായാൽ-രക്ഷിച്ചോൻ തനയാ!
സ്തോത്രം പ്രാണദനാം-പരിശുദ്ധാത്മാവേ!
ഞങ്ങളിലെപ്പോഴും മ്ശിഹാ രക്ഷകനേ!
കനിവുണ്ടാകണമെ-അടിയാരും മൃതരും
നിന്നെയെന്നെന്നും-സ്ത്ോത്രം ചെയ്തീടും.

## സുഗീസൊ (എസ്കാനാശ് ആഹായ്)

സോദരരേ!-കൂടീൻ എന്നെയോ-ത്തിടുവിൻ
നിങ്ങടെ സം-സഗ്ഗം വിടേനെ-ന്നേന്ക്കും.

യാത്രപുറ-പ്പെട്ടേൻ ഭോജ്യമെനി-ക്കില്ല
എന്നെ കൈ-ക്കൊൾവാൻ പ്രിയരെ! പ്രാ-ത്ഥിപ്പിൻ.

നീ കൃപയാ-ലെന്നെ മണ്ണാൽ സൃഷ്ടിച്ചു
പാതകി ഞാൻ-പുകീടരുതേ പാ-താളം.

പാതകി ഞാ-ൻ, എന്നെ ഞാൻ നിന്ദിക്കുന്നു.
അമ്പുടയോ-നേ നിന്നമ്പത്ഥി-ക്കുന്നേൻ.

സൃഷ്ടിപതേ!-സൃഷ്ടിച്ചെന്നെ നിൻ-വടിവിൽ

വീഴരുതേ-നരകത്തീയിൽ ഞാൻ-നാഥാ!

അങ്ങേറാ-നെളുതല്ലെങ്കിൽ തൃ-ക്കനിവാൽ
ഞാൻ മേവട്ടാപത്തെന്യേ വാ-തിൽക്കൽ.

അരയില കൊട്ടീടും സ്ലീബായാം വാളാൽ
ആപൽസ്ഥാ-നത്തെ നീ തരണം ചെയ്യും.

ഈശൻ ജീ-വമയൻ കബറീന്നും-നിന്നെ
ഏദനിലേ-യ്ക്കേറ്റും ജീവൻ നീ-നേടും.

സ്വഭാഗ്യം-പുകും ശുദ്ധന്മാരൊപ്പം
നീയാമോ-ദിക്കും ഖേദം നീ-ങ്ങിടും.

രക്ഷകനാ-മീശോ! ജീവദനേ!-എന്നെ
ജീവിപ്പി-ക്കുക നിൻകൃപയെ ഞാൻ-വാഴ്ത്തും. മൊറിയൊറാഹേം.

## മാർ അപ്രേമിന്റെ ബോവൂസൊ

ആദ്രതയാൽ നാഥാ! ദേവാ!
ദാസന്നേകണമെ പുണ്യം
നിന്മഹിമോദയനാൾ തന്നിൽ
നിത്തണമെ വലമായിവനെ.

വത്സലരേ! പാതാളത്തിൽ
വഴിയും പാപ്പിടവും പാത്താൽ
നിങ്ങളെ വേർപിരിയാനെന്നെ-
യിപ്പോളാഹ്വാനം ചെയ്തു.

പിന്നാലെ വന്നോൻ ദൂതൻ
വീണാനെന്മീതേ-വേഗം
ഞാനറിയാതെന്നെ നേരെ
കൂട്ടിക്കൊണ്ടയ്യോ പോയാൻ

ബാന്ധവരെക്കാണാനല്ലം
നിൽക്കണമെന്നഭ്്യർത്ഥിച്ചേൻ
കേട്ടില്ലെൻ-വാക്യം ദൂതൻ
വാങ്ങിച്ചില്ലെൻ കൈകൂലി.

സ്രഷ്ടാവാം താതൻ സ്തുത്യൻ
രക്ഷകനാം പുത്രൻ വന്ദ്യൻ
കബറിന്നും പറുദീസായിൽ
ചേക്കും റൂഹാ സ്തോത്രാഹൻ

ആദ്രതയാൽ നാഥാ! ദേവാ!
ദാസന്നേകണമെ പുണ്യം
നിന്മഹിമോദയനാൾ തന്നിൽ
നിത്തണമെ വലമായിവനെ.

# സുറിയാനിക്രിസ്ത്യാനികളായ  പുരുഷന്മാരുടെ ശവസംസ്ക്കാരം

## മൂന്നാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ ഞങ്ങളോടു കരുണ ചെയ്യണമെ. (മൂന്നു പ്രാവശ്യം ചൊല്ലണം)

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യൂണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിനപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കുംതനിക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ.
ആമ്മീൻ.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

## പ്രാത്ഥന

കരുണയുള്ള ദൈവമായ കത്താവേ! കത്താവിൽ ഞങ്ങൾ അഭയം പ്രാപിച്ചുകൊണ്ട് നിന്റെ കർത്രകല്പനപ്രാകാരം നിദ്രപ്രാപിച്ചിരിക്കുന്ന ഈ ആത്മാവിനുവേണ്ടി അപേക്ഷിക്കുന്നു. കത്താവേ! ദുഷ്ടന്മാരായ മത്സരക്കാരുടെ വലകളിൽ നിന്നും അദൃശമായ അന്ധകാരസേനകളിൽ നിന്നും ഇവനെ സംരക്ഷിച്ച് നീതിമാന്മാരുടെ കൂട്ടത്തിൽ രക്ഷാസ്ഥാനത്ത് ചെന്നുചേരുവാനും തിരുവിശുദ്ധന്മാരോടൊരുമിച്ച് എന്നെന്നേക്കും വസിക്കുവാനും ഇവൻ സംഗതിയാക്കണമെ. ഹോശോ.........

## കുക്കിലിയോൻ (ഏഴാം രാഗം)

സംരക്ഷകനാം നാഥാ! ദേവാ!-ഹാലേ-ഉ-ഹാ.....
രാവും പകലും തിരുമു-മ്പിൽ കേണേൻ.
പൂകട്ടെൻ പ്രാത്ഥന നിൻസവിധം-ഹാലേ-ഉ-ഹാ.....
ശ്രദ്ധിച്ചീടണമെൻ-യാചനയെ.
തിന്മയെ മോഹിച്ചെന്നാത്മം-ഹാലേ-ഉ-ഹാ.....
എന്നുയിർ പാതാ-ളം പൂകി.
കുഴിയിൽ പെട്ടോരെപ്പോലായെൻ-ഹാലേ-ഉ-ഹാ.....
തുണയറ്റോരോ-ടൊത്തേൻ ഞാൻ. ബാറെക്മോർ-ശുബഹോ...... മെനഓലം......

## എക്ബൊ (യൌമ്മോനൊ)

മൃതിയാന്നോരേ!-സൌഈഭാഗ്യം
നിങ്ങൾക്കുത്ഥാന-ത്തിൻ നാളിൽ
ഉൾക്കൊണ്ടോരുയിരിൻ തിരുമെയ്യും
മോചനമേകും തിരുരക്ത
മതും നിങ്ങളെ നിത്തീടും-വലഭാഗേ. മെൻകാലോസ് കുറിയേലായിസ്സോൻ

## പ്രുമിയോൻ

മരിച്ചവരെ ജീവിപ്പിക്കുന്നവനും കബറടക്കപ്പെട്ടവരെ എഴുന്നേൽപ്പിക്കുന്നവനും ന്യായാധിപതിമാരുടെ ന്യായാധിപതിയുമായ കത്താവിനു സ്തുതി. തന്റെ ദാസന്റെ ശവസംസ്ക്കാരശുശ്രൂഷ നിവഹിക്കപ്പെടുന്ന ഈ സമയത്തും ............ തന്നെ നാം ഓത്തു മഹത്ചപ്പെടുത്തണം. ബ്കുല്ഹൂൻ......

## സെദറ

ആദിയിൽ ഉണ്ടായിരുന്നവനും ഇപ്പോൾ ഉള്ളവനും, എന്നെന്നേക്കും നിലനിൽക്കുന്നവനും, തന്റെ പിതാവിന്റെ മഹത്വത്തിൽ വിശുദ്ധമാലാഖാമാരോടു കൂടെ വരുവാനിരിക്കുന്നവനുമായ മ്ശിഹാതമ്പുരാനേ! സംഖ്യാതീതമായ നിരകളും ഗണങ്ങളും പതിനായിരങ്ങളും തിരുമുമ്പാകെ പരിഭ്രമിച്ച് വിറച്ചുകൊണ്ട് നിൽക്കുന്നു. ഭയങ്കരന്മാരായ ക്രോബേന്മാരും സ്ഥിരതയുള്ള ഗണങ്ങളും സ്വഗ്ഗീയമായമേഘങ്ങളിൽ കത്താവിനെ ആഘോഷിക്കുന്നു. കത്താവിന്റെ ഉഗ്രമായ ശബ്ദത്തിൽ കത്താവ് അട്ടഹസിക്കുമ്പോൾ മരണം വീണുപോവുകയും പാതാളം നശിച്ചു പോവുകയും ആദിഭൂതങ്ങൾ അഴിഞ്ഞുപോവുകയും, ഭൂമിയിൽ ദ്രവിച്ചുപോയ സവ്വശരീരങ്ങളും പുനരായി സൃഷ്ടിക്കപ്പെടുകയുംചെയ്യുന്നു. സകലത്തിന്റേയും സൃഷ്ടാവും നിമ്മിതാവുമെന്ന നിലയിൽസൃഷ്ടിശക്തിയുള്ള വചനത്താൽ കത്താവു വീണ്ടും അവയെ സജ്ജീകരിക്കുന്നു. നന്മയാകട്ടെ തിന്മയാകട്ടെ അവനവൻ പ്രവത്തിച്ചിടടുള്ളവയെക്കുറിച്ച് സമാധാനം ബോധിപ്പിക്കുവാനായി സകല വംശങ്ങളും ഗോത്രങ്ങളും പരിഭ്രമജനകവും ഭയങ്കരവുമായ കത്താവിന്റെ സിംഹാസനത്തിൽ മുമ്പാകെ വന്നുകൂടുകയും ചെയ്യുന്നു. ബലവാനും കാരുണ്യവാനുമായ ദൈവമായ കത്താവേ! ഇവയെല്ലാം സംഭവിക്കുകയും പ്രവത്തിക്കപ്പെടുകയും ചെയ്യൂന്നതായ ആ സമയത്ത് കർത്താവിലുള്ള പ്രത്യാശയോടെ നിദ്രപാപിച്ചിരിക്കുന്ന ഈ സഹോദരനെ കത്താവിന്റെ വലത്തു ഭാഗത്തു നിറുത്തികൊള്ളണമെ. “എന്റെശരീരംഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന ഏവനും എന്നിലും ഞാൻ അവനിലും വസിക്കുന്നു. അവസാനദിവസത്തിൽ ഞാൻ അവനെ ഉയിത്തെഴുന്നേല്പിക്കും" എന്ന് ജീവനുള്ള തിരുവായ്കൊണ്ട് അരുളിച്ചെയ്തിട്ടുള്ളതായ ആ വചനം ഞങ്ങളിലും ഇവനിലും നിറവേറ്റണമെ. ഞങ്ങളും ഞങ്ങളുടെ പരേതരും

നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട് നിന്റെ കരുണയെകാണുകയും നിനക്കും തന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ......

## തക്ശെപ്തൊ (്രലോസ് അക്സേബ്)

പൌലോസെഴുതി-മൃതിമ്ശിഹായിൽ പ്രാ-
പിച്ചോരെ-മരണം-ബാധിക്കി-ല്ലെന്നേവം
മ്ശിഹാ നിദ്രാ-വശരായോർ വീണ്ടും
മൃതിയേൽക്കി-ല്ലെന്നുൽ-ഘോഷിച്ചാൻ-ശാസ്ലീശൻ    മൊറിയൊ.........

## എത്രൊ

ബലവാനും മഹാകാരുണ്യവാനും ദയാലുവുമായ ദൈവമായ കത്താവേ! തിരുസന്നിധിയിലേക്ക് കത്താവ് എടുത്തിരിക്കുന്നതിനാൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈ സഹോദരനുവേണ്ടി ഈ സമയത്ത് ഞങ്ങൾ അബണച്ചിരിക്കുന്ന ഈ ധൂപം കൈക്കൊണ്ട് സ്വറ്റീയ ഈശ്ലേമിൽ മോഹനീയ വാസസ്ഥാനങ്ങളിൽ ഇവനെ ആശ്വസിപ്പിക്കുകയും കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും തിരുമുമ്പാകെയുള്ള മുഖ്പ്രസന്നരയ്ക്കും ഇവനെഅഹനാക്കുകയുംചെയുണമെ. മോറാൻ വാലോഹാൻ...

## കോലൊ (കുക്കോയൊ)

നുകരുന്നോനു കടും കയ്ക്കാ-ണീ മരണക്കാ-സാ
വരിക ജവം പോകാ മുടയോൻ-നിന്നേയാരാ-യു-
ന്നെന്നാത്മാവോ-ടാ ദൂതൻ ചൊല്ലും
നേരം പാരം-ഘോരം ഖേദകരം
കണ്ണീർ കവിളിലൊഴുക്കിക്കൊ-ണ്ടാത്മാവോ-തുന്നു
ശാന്തിയൊടുത്ഥാനത്തോളം-തനുവേ! നിവസിക്കു.    ഹാലേലുയ്യു-ഉ-ഹാലേലുയ്യ

ഞാൻ വൈദേശികനെന്നേവം-ചൊന്നീടുന്നാ-ത്മം
ആൾവിട്ടുടയോൻ വിട്ടതിനാൽ-നില്ലാൻ തരമില്ല
പ്രേഷിതനെന്നോ-ടേവം ഭാഷിച്ചു
ആലയവാസം-കൈവെടിയുക വരിക.
കത്താവരുളിയനാൾവരെയും-ഞാൻ മേവിയതാ-കും
മോഹന നശ്വരമന്ദിമേ! വാഴ്ക ശുഭം മെ-യ്യേ.    ഹാലേലുയ്യു-ഉ-ഹാലേലുയ്യ

ബാറെക്മോർ-ശുബഹോ.....
ദൈവസുതാ! വഴിയാത്രയിലെൻ-പാഥേയം നീയാം
ജഗതീപോഷകനേ! പശിയിൽ-നീയെന്നെപ്പോറ്റി
ഞാനെരിയരുതേ-നിൻ തനുരുധിരങ്ങൾ
എൻതനുവീന്നും-വാസന വീശുമ്പോൾ
മാമോദീസയെനിക്കോത്താൽ-മുങ്ങാത്തൊരുന-ക
നാഥാ! നിൻ കൃപ കാണണമേ-ഞാനുത്ഥാന-ത്തിൽ    ഹാലേലുയ്യു-ഉ-ഹാലേലുയ്യ

വേർപാടിൻ വേളയിലാത്മം-മെയ്യോടുരചെ-യ്യു-
ന്നെന്തുപകാരമെനിക്കേകും-ധനസമ്പാദ്യ-ങ്ങൾ
വിധിനിലയത്തിൽ-ചോദിക്കും സുകൃതം
ചെയ്യെന്നാകിൽ-ഫലമുളവായേനെ
വാസസ്ഥലവും ധനവും ഞാ-നുടമസ്ഥക്കേ-കി

ഭീകരസിംഹാസന സവിധം-പോകുന്നേനെ-ന്റെ.
ഹാലേലുയ്യ ചെയ്തികളറിയിപ്പാൻ. മൊറിയൊറാഹേം.....

## മാർ അപ്രേമിന്റെ ബോവൂസൊ

ആദ്രതയാൽ നാഥാ! ദേവാ!
ദാസന്നേകണമെ-പുണ്യം
നിൻ മഹിമോദയനാൾ തന്നിൽ
നിത്തണമെ വലമാ-യിവനെ.

രക്ഷിപ്പാൻ വന്നോൻ മ്ശിഹാ!
നീയെൻ സങ്കേതം-മിത്രം
ചാവിരുളിൽ പാതാളത്തിൽ

നിൻ സ്ലീബായാണെൻ-ദീപം.

എൻവേർപാടാസന്നം ഞാൻ
നിങ്ങളിൽ നിന്നിപ്പോ-ൾ നീങ്ങും
വേർപാടേകിയ ദൈവത്തെ-
യോത്തെന്നെയോപ്പിൻ- നിങ്ങൾ.

വത്സലരേ! ശാന്ത്യാ വാഴ്വിൻ
താതന്മാരേ! പ്രാത്ഥിപ്പിൻ
ഞാനിപ്പോൾ ദൈവം ചൊല്ലും
സ്ഥാനം നോക്കിപ്പോ-കുന്നു.

ഏൽക്കുക ദേവാ! നിൻശരണേ
നിദ്രയിലായോരാ-ത്മത്തെ
നിൻകൃപ ശോഭിക്കും നാളിൽ
നിത്തണമെ വലമാ-യിവനേ.

ആദ്രതയാൽ നാഥാ! ദേവാ!
ദാസന്നേകണമെ-പുണ്യം
നിൻ മഹിമോദയനാൾ തന്നിൽ
നിത്തണമെ വലമാ-യിവനെ.

## സുറിയാനിക്രിസ്ത്യാനികളായ പുരുഷന്മാരുടെ ശവസംസ്ക്കാരം
## നാലാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ ഞങ്ങളോടു കരുണ ചെയ്യണമെ. (മൂന്നു പ്രാവശ്യം ചൊല്ലണം)

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യൂണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

പുരോഹിതൻ: ദൈവമേ സ്തുതി......
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

പുരോഹിതൻ: സ്വര്ഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വര്ഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെഞ്ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിനപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും- എന്നേക്കുംതനിക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,

പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ.
ആമ്മീൻ.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.
ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

## പ്രാർത്ഥന

ദൈവമായ കർത്താവേ! താൽക്കാലികമായ ജീവതത്തിൽ നിന്ന് ഇപ്പോൾ വേർപെട്ട് ഈ വ്യഥലോകത്തിൽ നിന്ന് യാത്രയായിരിക്കുന്നഈ ആത്മാവ് പുനരുത്ഥാനദിവസംവരെ ആശ്വാസവും സന്തോഷവും ആനന്ദവും നിറഞ്ഞ സ്ഥലങ്ങളിലേക്കു കർത്താവിന്റെ വിശുദ്ധ മാലാഖാമാരാൽ നയിക്കപ്പെടുവാനും അവിടെ വെച്ച് മുഖപ്രസന്നതയോടുകൂടെ കർത്താവിനെ എതിരേൽക്കുവാനും സംഗതിയാക്കണമെ. ആബൊവബറൊ.......

## കുക്കിലിയോൻ (എട്ടാം രാഗം)

മൃതനെപ്പോൽ ഞാൻ വിസ്കൃതനായ്-ഹാലേലുയ്യ
പാഴ്പാത്രംപോ-ലായേൻ ഞാൻ.

ആളുകളേറ്റമെനിക്കെതിരായ്-ഹാലേലുയ്യ
ആലോചിക്കൂ-ന്നതു കേട്ടേൻ.

എന്നാത്മാമെടുക്കാനവരൊത്തു-ഹാലേലുയു
നാഥാ! ശരണപ്പെ-ട്ടേൻ നിന്നിൽ.

ചൊന്നാൻ നീ താനെൻ ദൈവം-ഹാലേലുയ്യ
നിൻ കൈയിൽതാൻ-കാലങ്ങൾ. ബാറെക്മോർ-ശുബഹൊ........ മെനഓലം......

## എക്ബൊ (ഹൌദത്ത് ഇൻ)

സത്തമനേ! കരുണാപൂണ്ണ!
വിധിയേൽക്കരുതേ നിന്നടിയാർ
തിരുമുമ്പിൽ ജയമാന്നോനാർ
വിധിചെയ്യുല്ലെ നീയവരെ
കത്താവേ! യവരെയൻപാൽ
ജീവിപ്പിക്കേണം നിന്നെ
ഞങ്ങളിതാ വാഴ്ത്തീടുന്നു. സ്തൌമെൻകാലോസ് കുറിയേലായിസ്സോൻ

## പ്രുമിയോൻ

ആത്മാക്കളുടെ സ്രഷ്ടാവും ശരീരങ്ങളുടെ നിമ്മിതാവും നിമ്മിതമായവയുടെ ശരണവും, സൃഷ്ടികളുടെ പ്രത്യാശയും കബറടക്കപ്പെട്ടവരുടെ പുനരുത്ഥാനവും മരിച്ചുപോയവരുടെ ഉയിപ്പും ദുഃഖിച്ചിരിക്കുന്നവരുടെ ആശ്വാസവും വിഷാദിച്ചിരിക്കുന്നവരുടെ ആഹ്ലാദവും വിലാപത്തിലിരിക്കുന്നവരുടെ സന്തോഷവും മനോവേദനയിൽ ഇരിക്കുന്നവരുടെ ധൈര്യവുമായ കത്താവിനു സ്തുതി. തന്റെ ദാസന്റെ ശവസംസ്ക്കാര ശുശ്രൂഷ നിവഹിക്കപ്പെടുന്ന ഈ സമയത്തും......... ബ്കുല്ഹൂൻ.....

## സെദറാ

ആദ്യന്തമില്ലാത്ത തേജസ്സും മഹാകാരുണ്യവാനും സത്യവാനും, മരണമില്ലായ്മയടെ പ്രഭയും ജീവനും ഉറവയും, സകലത്തിന്റേയും സ്രഷ്ടാവും ലോകത്തെയും അതിലെ അവസ്ഥാന്തരങ്ങളെയും ക്രമീകരിക്കുന്നവനുമായ കത്താവേ! കത്താവ് ഭയങ്കരനും കത്താവിന്റെ കല്പനയിൽ മഹനീയനും ദീഘക്ഷമയുള്ളവനും കാരുണ്യവാനും ആകുന്നു. യാതൊരു രഹസ്യവും നിന്റെ ദിവ്യദൃഷ്ടിക്ക് അഗോചരമല്ല. ആലോചനകളുടെ ആഴവും ഹൃദയചിന്തകളും തിരുസന്നിധിയിൽ പരസ്യമായി വെളിപ്പെട്ടിരിക്കുന്നു. നിന്റെ തീരുമാനങ്ങൾ അപരിമിതങ്ങളും നിന്റെ മാഗ്ഗങ്ങൾ ദുർഗ്രഹങ്ങളുമാകുന്നു മരണത്തെ മായിച്ചു കളയുവാനും മനുഷ്യസംഹാരകനായ മഹാസപ്പത്തെ കൊല്ലുവാനുമായിട്ട് യേശുമ്ശിഹായെന്ന തിരുവത്സല പുത്രനെ ലോകത്തിലേക്ക് അയയ്ക്കുകയും താല്പര്യമുള്ള സകല ആത്മാക്കൾക്കും രക്ഷയും മരണമില്ലായ്മയും യേശുമ്ശിഹാ പ്രസംഗിക്കുകയും ചെയ്തു. തിരുകല്പനപ്രകാരം ക്ലേശപൂണ്ണമായ ഈ ലോകത്തിൽ നിന്ന് ശ്രേഷ്ഠവും അനശ്വരവുമായ ലോകത്തിലേക്കു ഞങ്ങൾ അയക്കപ്പെടുന്നു. കത്താധികത്താവും ഇരുലോകങ്ങൾക്കും അധികാരിയുമായുള്ളോവേ! ഈ താൽക്കാലിക ജീവിതമാകുന്ന പരദേശവാസത്തിൽ നിന്ന് വേർപെട്ട് യാത്രയായിരിക്കുന്ന ഈ നിന്റെ ദാസന്റെ ശവസംസ്ക്കാരശുശ്രൂഷയുടെ ഈ സമയത്ത് തിരുസന്നിധിയിൽ ഞങ്ങൾ അപേക്ഷയും പ്രാത്ഥനയും സമർപ്പിക്കുന്നു. ഇവിടെ നിന്ന് യാതയായി സ്വഗ്ഗീയ ഭൂവനങ്ങളിൽ വസിപ്പിക്കുന്നവരായ സമാധാന മാലാഖാമാർ മൂലം ഇവന്റെ ആത്മാവിനെ കൈക്കൊള്ളണമെ. കത്താവേ! ദുഷ്ടാത്മക്കളുടെ പിടിയിൽ നിന്നും ഇവന്റെ ആത്മാവിനെ രക്ഷിച്ചു കൊള്ളണമെ. ആ എതിരാളിയുടെ ബന്ധനത്തിൽ നിന്ന് അതിനെ വിടത്തണമെ. തിരുനാമരക്തരും തിരുവിഷ്ടം ആചരിക്കുന്ന വരുമായ ചുറ്റി നിൽക്കുന്നതുപോലെയുള്ള സേനകൾ ഇവനും ലഭിക്കുമാറാകണമെ. നിന്റെ മനുഷ്യപ്രീതിയാൽ ഇവന്റെ പാപങ്ങളെ പൂണ്ണമായി പരിഹരിക്കണമെ. ഇവന്റെ തെറ്റുകളെ തിരുദയയാൽ പൂണ്ണുമായി ക്ഷമിക്കുകയം ചെയ്യുണമെ. ഇവന്റെ യാത്രയ്ക്ക് തിരുസഹായം പരസ്യമായി അച്ചുകൊടുക്കണമെ. കൃപാപൂണ്ണമായ വലംകൈ ഇവൻ നീട്ടിക്കൊടുത്ത് രണ്ടാം മരണമാകുന്ന ചുഴിയിൽ നിന്ന് ഇവനെ ഉദ്ധരിച്ചുകൊള്ളണമെ. അദൃശ്യമായ തിരുശക്തിയാൽ ഇവനെ

സഹായിക്കണമെ. പിശാചുക്കളുടെ ഭങ്കരമായ ഒളിവിടങ്ങളിൽ നിന്ന് ഇവനെ രക്ഷിച്ചുകൊള്ളണമെ. ഇവന്റെ പ്രമാണലംഘനങ്ങൾക്ക് തക്കപോലെ ഇവനെ വിധിക്കരുതെ; തിരുസന്നിധിയിൽ സർവ്വരും കുറ്റക്കാർ തന്നെയാണല്ലോ. കർത്താവേ! ഞങ്ങളുടെ സ്വഭാവികമായ ദുൂബലതയിൽ കനിവു തോന്നണമെ. ഞങ്ങളിൽ വിളിക്കപ്പെട്ടിരിക്കുന്നതായ തിരുനാമത്തെയും തിരുമഹാകരുണയെയും ഞങ്ങളിലും ഇവനിലും ഓർക്കണമെ. ഞങ്ങളുടെ വർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടിയുണ്ടായ തിരുഏകപുത്രന്റെ കഷ്ടാനുഭവങ്ങൾ കർത്താവിനോടപേക്ഷിക്കുമാറാകണമെ. നിന്റെ കൃപയും കരുണയും ഇവന്റെമേൽഉദിക്കുമാറാകണമെ. ഇവൻ വിശ്വസിച്ചതായ ജയമുള്ള സ്ലീബാ ഇവന വിശുദ്ധന്മാരുടെ സമൂഹത്തിൽ വസിപ്പിക്കുന്ന പ്രകാശസ്തംഭമായി ഭവിക്കുമാറാകണമെ. ഞങ്ങളുടെ വംശശത്രുവായ സാത്താൻ തന്റെ ദുഷ്ടമായ ആഗ്രഹം നിറവേറാതെ ലജ്ജിച്ചുപോകത്തക്കവണ്ണം നിന്റെ കരുണ ഇവനിൽ ഉണ്ടാകുമാറാകണമെ. കർത്താവേ! തിരുനാമഭക്തന്മാക്കുള്ള അനുഗ്രഹീത ഭവനങ്ങളിൽ എത്തുന്നതുവെരെ ഈ നിന്റെ ദാസൻ കോട്ടയും അനുയായിയുംകാവർക്കാരനും സഹായിയും ആയിരിക്കണമെ. അവിടെ ആദ്യന്തമില്ലാത്തതായ തിരുമഹിമയിൽ ഇവൻ ആനന്ദിക്കുമാറാകണമെ. അബ്രഹാമിന്റെ മടിയിൽ വിശ്രമിച്ചുകൊണ്ട് എല്ലാ ദുഃഖങ്ങളും ക്ലേശങ്ങളും കഷ്ടതകളും വിസ്തരിക്കുവാൻ ഇവൻ സംഗതിയാകണമെ. കർത്താവേ! നിന്റെ ആരാധകരായ ഞങ്ങളെയെല്ലാവരെയും ഇവയ്ക്കെല്ലാം യോഗ്യരാക്കിത്തീക്കണമെ.

വെടിപ്പുള്ളതും ആനന്ദകരവും പാപരഹിതവുമായ ജീവിതത്തിൽ അന്ധകാരത്തിന്റെ ദുഷ്ടസേനകൾക്ക്വിധേയമാകാത്ത സമാധാനപരമായ നിര്യാണം ഞങ്ങളും അനുഭവിക്കാൻ ഇടയാകണമെ. കർത്താവേ! കരുണാദൃഷ്ടിയാൽ ഞങ്ങളെ കടാക്ഷിച്ച് വിലപിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കുകയും ദുഖിച്ചിരിക്കുന്നവരെ ര മൈപ്പെടുത്തുകയും മ്ലനവദനരായിരിക്കുന്നവക്ക് മുഖ്പ്രസന്നത നൽകുകയും ചെയ്യണമെ. കർത്താവിനെ സ്തുതിക്കുന്ന ഏവക്കും ഏതു സ്ഥാനത്തും അവനവന്റെ ആവശ്യാനുസരണം ശരണവും പ്രത്യാശയും ആയിരുന്നതുകൊണ്ട് അവരുടെ മുഖത്തു നിന്ന് കണ്ണുനീരും ദുഃഖവും നീക്കികളുയണമെ. ദൈവമേ! കർത്താവിന്റെ മ്ശിഹായിലുള്ള പ്രത്യാശയിൽ മുൻകൂട്ടി കർത്താവിന്റെ അടുക്കലേക്ക് യാത്ര പുറപ്പെട്ടവരും ശ്രേഷ്ഠവും മഹനീയവുമായ അവിടുത്തെ പ്രത്യക്ഷതയെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവരുമായ ഞങ്ങളുടെ എല്ലാ മാതാപിതാക്കൾക്കും സഹോദരീസഹോദരമ്മാക്കും ഗുരുക്കന്മാക്കും ഞങ്ങളെല്ലാവരേയും വഹിച്ചിരിക്കുന്ന നിന്റെ കൃപയാൽ ഭാഗ്യകരമായ ഭവനങ്ങളിൽ വിശുദ്ധന്മാരോടുകൂടിയുള്ള ആശ്വാസം നൽകണമെ. ആ പ്രത്യക്ഷയെ ലജഇജ്ജ്ടാരഹിതമായ പ്രസന്നമുഖങ്ങളോടുകൂടെ എതിരേൽക്കുവാൻ ഞങ്ങളും കാത്തിരിക്കുന്നു. കർത്താവേ! മുൻകൂട്ടി നിദ്രപ്രാപിച്ചവരും ഇവിടെ അവശേഷിക്കുന്നവരുമായി രക്ഷിതരും അവിടുത്തെ കർത്തൃത്വത്തിന്റെ ദാസരുമായ ഞങ്ങളെല്ലാവരും ആദ്യന്തമില്ലാത്ത തിരുരാജ്യത്തിൽ വന്ദ്യവും ഗ്രഹണാതീതവുമായ തിരുനാമത്തെയും നിന്റെ ഏകപുത്രനേയും തിരുപരിശുദ്ധ റൂഹായേയും സ്തുതിച്ചു പുകഴ്ത്തുവാൻ യോഗ്യരായിത്തീരണമെ. ഹോശോ.............

## തക്ശെപ്തൊ (കോലോ ദക്റോ)

മരണം പ്രാപിച്ചഴുകിപ്പോ-യോനാം
ലാസറിനെക്കബറീ-ന്നാഹ്വാനം ചെയ്തു
രസഷ്ടാവിന്നാഇഞ്ഞാദ്വനിയുത്ഥാന മഹാദിവസേ
മൃതരെ-യേറ്റിച്ചേക്കും
യോശാഫാത്തെന്ന-സാനുസ്ഥാനത്തിൽ
അരചനിരിക്കും ത്രോണോസിൽ
സത്യവിധിക്കായ് തലമുറകൾ വന്നെത്തീടും
നാഥാ! സവ്വേശാ! എന്ദേലന്നാളിൽ
കാരുണ്യം ചെയ്യേണം നീ-പ്രാണപ്രദനല്ലോ. മൊറിയൊറാഹേം.....

## എത്രൊ

കാരുണ്യവാനായ ദൈവമേ! കത്താവിൽ അഭയം പ്രാപിച്ചുകൊണ്ട് ഈ സുഗന്ധധൂപം ഞങ്ങൾ അണയ്ക്കുകയും തിരുകല്പനപ്രകാരം ഇവിടെയുള്ള ജീവിതത്തിൽ നിന്ന് വിട്ടുമാറിയിരിക്കുന്ന ഈ ആത്മാവിനുവേണ്ടി കത്താവിനോടപേക്ഷിക്കുകയും ചെയ്യുന്നു. പിശാചുക്കളുടെ കഠിനബന്ധനത്തിൽ നിന്നും അന്തരീക്ഷവാസികളും അദൃശ്യരുമായ ശ്ര്രുക്കളുടെ അദൃശ്്യഗണത്തിൽ നിന്നും ഈ ആത്മാവ് രക്ഷിക്കപ്പെടുമാറാകണമെ. ഞങ്ങളുടെ കത്താവും നിത്യദൈവവുമേ! ഈ ആത്മാവ് യാത്രചെയ്ത് നിന്റെ വിശുദ്ധന്മാരുടെ ആലയങ്ങളിലും ജീവനുള്ളവരുടെ പട്ടണത്തിലും ചെന്നുചേരുവാൻ ഞങ്ങളിലുള്ള നിന്റെ മഹാകരുണയാൽ സംഗതിയാക്കുകയും ചെയ്യണമെ. മോറാൻ വാലോ...

## കോലൊ (്ുബൈക്ക് ഈത്തൊ)

ധന്യൻമ്ശിഹാ! വാക്കാൽ മൃതരെയുയ-പ്പിപ്പോൻ
തൻകല്പന പഠ-ലിച്ചോക്കായ്-തേജോ-
വ്രസ്തം നൽകീടും
അവനെ രാജ്യത്തെതിരേല്ലാൻ
അവർ മേഘങ്ങളിലേറിവരും
അവനാനന്ദത്തോ-ടാക്കും-
വന്നേ-റിക്കൈക്കൊണ്ടിടുവിൻ
കല്പന കാത്തോ-ക്കായ് മുമ്പേ-താതൻ
കരുതിടുമാ-രാജ്യം.

മാമോദീസാ-നീരിൽനിന്നും മ്ശീ-ഹാ തൻ
റൂശ്മായേറ്റോരേ മൃതരേ! വഴിനി-
ങ്ങൾക്കുണ്ടാശിപ്പാൻ
മൃതിലോകത്തിൽ ധീരതയും-
പ്രത്യാശയതും പ്രാപിപ്പിൻ
ഉയിരോടെഴുന്നേൽക്കും നിങ്ങൾ
കേടേ-തും തീണ്ടീടാതെ
കല്ലറയീന്നും പറുദീസാ പൂകാൻ
വാസരമാ-സന്നം ബാറെക്മോർ-ശുബഹോ.....

ധന്യൻ പൌലോസ്-ശ്ലീഹാ ചൊന്നേവംകേട്ടേൻ
മൃതരെയോത്തി-ട്ടഴൽ നിങ്ങൾ ക്കരുതെ-
ന്നാശിച്ചിടുന്നേൻ
വാനിൻ കാഹളനാദത്താൽ-
മൃതരെല്ലാരുമെഴുന്നേൽക്കും
താൽക്കാലികമാമീ-ഗാത്രം
നിത്യ-തയെ പ്രാപിച്ചിടും
തനുവെഴുന്നേൽക്കും കേടില്ലാ-തുത്ഥാ-
നത്തിൻ വൻനാളിൽ. മെനരഓാലം..

വഷിക്കട്ടെ താത-നയച്ചിട്ടാ ബാബേൽ
തീച്ചൂളയിൽ ബാ-ലന്മാരിൽ വീഴ്ത്തിയ
ജീവപ്പനിനീരാ
മൃതിലോകത്താകുലമേറും
ഭവനങ്ങളിൽ മരുവുന്നോരിൽ-

നിന്നഭയത്തിൽ നിദ്രിതരാം
ദാസ-ന്മാർ തൻ പിഴപോക്കീ
ട്ടവകാശം നൽ-കീടേണം ശാശ്വ-ത
സുസ്ഥിരരാ-ജ്യത്തിൽ.

മദ്റോശൊ

നിൻശരണേ മൃതനാം
ദാസന്നുത്ഥാനം
നവ്യത ന-ൽകുട്ടെ.
ഇതുമൃതിയിൻ ദിവസം-വേദനയിൻ ദിവസം
പരിദേവന ദിവസം-കടദിവസം നാഥാ!
നൽകണമാ-ശ്വാ-സം.

ഏവരുമൊരുപോലീ-മൃതിനുകരണമെന്നാൽ
യാവ്്യൃവനമൃതി കയ്യാൽ-കഠിനതരം നാഥാ!
നൽകണമാ-ശ്വാ-സം

സകലമമത്തിടുമാ-മൃതി മുന്നറിവെന്യേ
സതവരമെത്തുകയാ-ലിവനുത്ഥാനത്തിൽ
നൽകണമാ-ശ്വാ-സം

സഹജൻ രക്ഷിക്കാ-സ്നേഹിതനുതകീടാ
ഏവം നിബിവചനം-ക്രിയയാൽ നിറവേറി
തൂണനാഥാ-ചെയ്ക.

മൃതരാമൂറ്റോക്കായ-കഷ്ടപ്പെടുവാനും
നാശകനാം മൃതിയെ-മചാല്ലിക്കരയാനും
ബാദ്ധ്്യൃയതയു-ണ്ടെ-വനും.

നാവുകളിന്നെല്ലാം-സ്തോത്രം കത്താവേ!
നിന്നാൽ മൃതരുയരും-സ്വഗ്ഗം നേടീടും
സ്തോത്രം പാ-ടീ-ടും.

മദ്റോശൊ (യൌമൊക് ലോക്)

1.മൃതിയെ നുക-ന്നുത്ഥാനത്തിൻ-ശരണം
തന്നവനാ-മുയിരിൻ-നാഥൻ-ധന്യൻ.

2.സീനായ്മേ-ലവരോഹം ചെയ്ത്രീശൻ
മോശമയ്ക്കു- ത്ഥാനം-വെളിവായ്-കാട്ടി.

3.സ്വഗ്ഗീയൂ-ശ്ലേമിൽ-ത്രോണോ-സിങ്കൽ
സുസ്തൃതിതൻ-ദാസ-ക്കേകട്ടി-ശൻ.

4.ഈ ദാസൻ-നാഥാ! തിരുസന്നിധിയിൽ
ചെയ്ത പിഴ-യ്കകെല്ലാം-ക്ഷമ നൽ-കേണം.

5.എരിതീയും-വിധിയും-നീക്കീ-ട്ടിവനെ

കാക്കുക നിൻ-തനുവാൽ-രക്ത-ത്താലും.

6.നിന്നിലുറ-ങ്ങിടുമീ-ദാസൻ-നാഥാ!
പ്രാപിച്ചാ-നഭയം-നിൻസ്ലീ-ബായെ.

7.ഭീകരമാം-വിധിയോ-ടതിവേ-ദനയും
നരകവുമേ-ൽക്കരുതേ-നാഥാ!-ദാസൻ.

8.നിന്നെയേ-റ്റോനാ-മീദാ-സനെ നീ
ഏറ്റപറ-ഞ്ഞീടണം-വാഗ്ദാ-നംപോൽ.

9.തിരുനാമം-തള്ളാ-ത്തോനാ-മിവനെ
നരകത്തിൽ-തള്ളീ-ടരുതേ-നാഥാ!

10. ദ്രുതഗതിയാ-യ് മരണം-സവിധം-പൂകി
നിങ്ങടെ കൂ-ട്ടതിൽനി-ന്നെന്നേ-നീക്കി.

11.പ്രാത്ഥനയിൽ- മേന്മേൽ-എന്നെ-യോപ്പിൻ
എന്നെ മറന്നീടാ-നിടയാ-കരുതേ.

12. മൃതിയാൽ നിൻ-ദാസൻ-വേർപെ-ട്ടതിനാൽ
രക്ഷകനേ!-ഞങ്ങൾ-വ്യഥയിൽ-മുഴുകി.

13. പരിശുദ്ധ-ന്മാരൊ-ത്തിവനെ-യേദൻ
പറുദീസിൽ-പന്തി-ക്കേറ്റീ-ടേണം.

14. വിമലന്മാ-രൊന്നി-ച്ചിവനെ-പ്രഭയിൻ
മണവറയിൽ-പാപ്പി-ക്കണമേ-നാഥാ!

15. നവജീവൻ-ഉത്ഥാ-നവുമാം-നിന്നെ
അവരോടൊം-ത്തിവനും-വാഴ്ത്തീടട്ടെ.

സുമ്മോറൊ

ആദാം നിജമക്കൾക്കേകിയ കാസാ-
ആ മൃതി പാനീയത്തിനു കയ്യേറും
പഠനം ചെയ്യാനാദാമി-
ന്നാത്മജരതുമുയായ് കൈമാറി.

വായനക്കാരൻ: ഒറൈത്തായുടെ അഞ്ചാം പുസ്തകത്തിൽ നിന്നും ബാറെക്മോർ.

പ്രതിവാക്യം: സൃഷ്ടികളുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഹങ്ങളും-എന്നേക്കുമുണ്ടായിരിക്കട്ടെ.

വായനകൾ ആവർത്തനപുസ്തകം 32: 49-52.

നീ യെരിഹോവിന്നെതിരെ മോവാബ്ദേശത്തുള്ള ഈ അബാരീം പവ്ൃതത്തിൽ നെബോമലമുകളിൽ കയറി ഞാൻ യിസ്രേൽ മക്കൾക്കു അവകാശമായി കൊടുക്കുന്ന കാനാൻദേശത്തെ നോക്കി കാൺങ്കു. നിൻെറ സഹോദരനായ അഹരോൻ ഹോർപവ്വതത്തിൽ വെച്ച് മരിച്ചു തന്റെ ജനത്തോടു ചേന്നതുപോലെ നീ കയറുന്ന പവ്ൃതത്തിൽ വെച്ചു നീയും മരിച്ചു നിന്റെ ജനത്തോടു ചേരും. നിങ്ങൾ സീൻമരുഭൂമിയിൽ കാദേശിലെ കലഹജലത്തിങ്കൾ യിസ്രായേൽ മക്കളുടെ മദ്ധ്യേ വെച്ചു എന്നോടു അകൃത്യം ചെയ്ക കൊണ്ടും യിസ്രായേൽ മക്കളുടെ മദ്ധ്യേവെച്ചു എന്നെ

ശുദ്ധീകരിക്കായ്കകൊണ്ടും തന്നേ. നീ ദേശത്തെ നിന്റെ മുമ്പിൽ കാണും; എങ്കിലും ഞാൻ യിസ്രായേൽ മക്കൾക്കു കൊടുക്കുന്ന ദേശത്തു നീ കടക്കയില്ല.

വായനക്കാരൻ: ഒറൈത്തായുടെ അഞ്ചാം പുസ്തകത്തിൽ നി ന്നും- ബാറെക്മോർ.

പ്രതിവാക്യം: സൃഷ്ടികളുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കുമുണ്ടായിരിക്കള്ടെ.

## ആവത്തനപുസ്തകം 34: 1-6

അനന്തരം മോശേ മോവാബ് സമഭൂമിയിൽ നിന്നു യെരിഹോവിനെതിരെയുള്ള നെബോ പവ്വതത്തിൽ പിസ്താമുകളിൽ കയറി
യത്തോവ ദാൻ വെരെ ഗിലയാദ് ദേശം ഒക്കെയും നഫ്ഥാലിദേശമൊക്കെയും എഫ്രയീമിന്റെയും മനശ്ശെയുടെയും ദേശവും പടിഞ്ഞാറേ കടൽവെരെ യെഹുദാദേശമൊക്കെയും തെക്കെ ദേശവും ഈന്തനഗരമായ യെരിഹോവിന്റെ താഴ്വീതി മുതൽ സോവാർ വെരെയുള്ള സമഭൂമിയും അവനെ കാണിച്ചു. അബ്രഹാമിനോടും യിസഹാക്കിനോടും യാക്കോബിനോടും: ഞാൻ നിന്റെ സന്തതിക്കുകൊടുക്കുമെന്നു സത്യം ചെയ്തു ദേശം ഇതു തന്നെ; ഞാൻ അതു നിന്റെ കണ്ണിനു കാണിച്ചു തന്നു; എന്നാൽ നീഅവിടേക്കു കടന്നു പോകയില്ല. എന്നു യഹോവ

അവനോടു കല്പിച്ചു. അങ്ങനെ യഹോയുടെദാസനായമോശെ യഹോവയുടെ വചനപ്രകാരം അവിടെ മോവാബു ദേശത്തു വെച്ചു മരിച്ചു. അവൻ അവനെ മോവാബ് ദേശത്തു ബേത്ത്-പെയോരിന്നേതിരെയുള്ള താഴ്വരയിൽ അടക്കി; എങ്കിലും ഇന്നുവെരെയും അവന്റെ ശവക്കുഴിയുടെ സ്ഥലം ആരും അറിയുന്നില്ല.

ഭൂവിലശേ-ഷം ദൈവത്താൽ പ്രേരിതരായ
ശ്ലീഹന്മാർ പോയ് ജാതികളിടയിൽ
ഭൂതലസീമയിതോളം നല്ലേവൻ ഗേല്യോൻ
കൈക്കൊൾവോ-ക്കൊക്കെയെഴും
ഭാഗ്യമിതെ-ന്നറിയിച്ചു സ്വഗ്ഗമഹാ-രാജ്യം

വായനക്കാർ: പരിശുദ്ധനായ പത്രോസ് ശ്ലീഹയുടെ പൊതുലേഖനത്തിൽ നിന്നും; ഹാബീബായ്-ബാറെക്മോർ

പ്രതിവാക്യം: (ശ്ലീഹന്മാരുടെ) ഉടയവനു സ്തൂതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

## 2 പത്രോസ് 3: 8-13.

എന്നാൽ പ്രിയമുള്ളവരേ, കത്താവിന്നു ഒരുദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരുദിവസം പോലെയും ഉരിക്കുന്നുഎന്നീ കാര്യം നിങ്ങൾ മറക്കരുത്. ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കത്താവു തന്റെ വാഗ്ദത്തം നിവത്തിപ്പൻ താമസിക്കുന്നില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീഘക്ഷമ കാണിക്കുന്നതേയുള്ളു. കത്താവിന്റെ ദിവസമോകുള്ളനേപ്പോലെ വരും. അന്നു സ്വഗ്ഗം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ സ്വഗ്ഗംചൂട്ടഴിവാനും മൂലപദാത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവ ദിവസത്തിന്റെവരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ട് നിങ്ങൾ എത്ര വിശുദ്ധജീവനും ഭക്തിയും ഉള്ളവർ ആയിരിക്കേണം. എന്നാൽ നാം അവന്റെ

വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ സ്വഗ്ത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു.

പൌന-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറീച്ചതൊഴി- ച്ചിങ്ങൊരുവൻ
വന്നറിയിച്ചാൽ വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശം തൊ-ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ.

വായനക്കാർ: പൌലോസ്ഗശ്ലീഹാ കൊരിന്ത്യക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.

പ്രതിവാക്യം: ശ്ലീഹായുടെ ഉടയവനു സ്തൂതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

## 1 കൊരിന്തി 15: 34-53

നീതിയോടെ ഹൃദയത്തെ ഉണത്തുവിൻ. നിങ്ങൾ പാപം ചെയ്യുരുത്. ചില ആളുകളിൽ ദൈവത്തെക്കുറിച്ചുള്ള അറിവ് ഇല്ലാതിരിക്കുന്നു. നിങ്ങളെ

ലജ്ജിപ്പിക്കുവാനായിട്ടാകുന്നു ഞാൻ പറയുന്നത്. നിങ്ങളിൽ ഒരുവൻ, മരിച്ചവർ എങ്ങനെ പുനരുത്ഥാനം ചെയ്യുമെന്നും ഏതു ശരീരത്തോടുകൂടി വരും എന്നു ചോദിച്ചേക്കാം. ഭോഷാ! നീ വിതയ്ക്കുന്ന വിത്ത് ക്ഷയിക്കുന്നില്ലങ്കിൽ മുളയ്ക്കുന്നില്ല. നീ വിതയ്ക്കുന്നത് ഉണ്ടാകുവാൻ പോകുന്ന ശരീരമല്ല; ഗോതമ്പിന്റേയോ യവത്തിന്റേയോ മറ്റേതെങ്കിലും ധാന്യത്തിന്റേയോ വെറും മണിമാത്രം. എന്നാൽ ദൈവം തന്റെ ഇഷ്ടം അനുസരിച്ച് ഓരോ വിത്തിനും അതിന്റേതായ ശരീരം നൽകുന്നു എല്ലാശരീരവും ഒന്നുപോലെയല്ല. മനുഷ്യന്റെ ശരീരം ഒന്ന്, മൃഗങ്ങളുടെ ശരീരം മറ്റൊന്ന്, പക്ഷികളുടെ ശരിരം വേറൊന്ന്, മത്സ്യങ്ങളുടെ ശരീരം വേറൊന്ന്. സ്വഗ്ഗീയ ശരീരങ്ങൾ ഉണ്ട്.ഭഊമിക ശരീരങ്ങളും ഉണ്ട്. എന്നാൽ സ്വഗ്ഗീയരുടെ തേജസ്സ് ഒന്ന്, ഭാമികരുടെ തേജസ്സ് മറ്റൊന്ന്. സൂര്യന്റെ തേജസ്സ് ഒന്ന്; ചന്ദ്രന്റെ തേജസ്സ് മറ്റൊന്ന്, നക്ഷത്രങ്ങളുടെ തേജസ്സ് വേറൊന്ന്,നക്ഷത്രങ്ങൾ തമ്മിലും തേജസ്സിനു വ്യത്യാസമുണ്ട്. അപ്രകാരം തന്നെയാകുന്നു മരിച്ചവരുടെ പുനരുത്ഥാനവും. നശ്വരതയിൽ വിരയ്ക്കുപ്പെടുന്നു; അനശ്വരതയിൽ ഉത്ഥാനം ചെയ്യൂന്നു. ഹീനമായി വിരയ്ക്കുപ്പെടുന്നു, മഹത്വത്തോടെ ഉത്ഥാനം ചെയുന്നു. ബലഹീനതയോടെ വിതയ്ക്കുപ്പെടുന്നു. ബലിഷ്ഠതയോടെ ഉത്ഥാനം ചെയ്യുന്നു. ഭതികശരീരം വിതയ്ക്ക്പെടുന്നു, ആത്മിയശരീരം ഉത്ഥാനം ചെയ്യുന്നു. ഭാതികശരീരം ഉണ്ടെങ്കിൽ ആത്മിയശരീരവുമുണ്ട്. ആദ്യമനുഷ്യനായ ആദാം ജീവനുള്ളവനായിത്തീന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു. ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവുമായി. എന്നാൽ ആദ്യം ആത്മീയനല്ല ഭഊതികനാണ് ഉണ്ടായത്. ആദ്യ മനുഷ്യൻ ഭൂമിയിൽ നിന്ന് മണ്ണുകൊണ്ടുണ്ടാക്കപ്പെട്ടവനും രണ്ടാമത്തെ മനുഷ്യൻ സ്വഗ്ഗീയനായ കത്താവും ആകുന്നു. ഭൂമിയിൽ നിന്നുള്ളവൻ എങ്ങനെ ഉരിക്കുന്നുവോ അങ്ങനെ തന്നെ ഭമികരും. സ്വഗ്ഗത്തിൽ നിന്നുള്ളവൻ എങ്ങനെയോ അങ്ങനെ തന്നെയായിരിക്കും സ്വഗ്ഗീയരും. ഭമികന്റെ സാദൃശ്യം നാം ധരിച്ചതുപോലെ തന്നെ സ്വഗ്ഗീയന്റെ സാദൃശ്യവും നാം ധരിക്കും. എന്നാൽ എന്റെ സഹോദരന്മാരേ! ജഡരക്തങ്ങൾക്കു സ്വഗ്ഗരാജ്യം അഹിക്കാവുന്നതല്ല. നശ്വരമായതിനെ അനശ്വരതയെ അഹിക്കാവുന്നതല്ലായെന്നും ഞാൻ പറയുന്നു. ഇതാ ഞാൻ ഒരു രഹസ്യം നിങ്ങളോടു പറയുന്നു. നാം എല്ലാവരും നിദ്ര പ്രാപിക്കയില്ല. അവസാന കാഹളംഈതുമ്പോൾ കണ്ണിമയ്ക്കുന്ത്രവേഗത്തിൽ നാം എല്ലാവരും രൂപാന്തരപ്പെടും. മരിച്ചവർ അക്ഷയമായി

പുനരുത്ഥാനം ചെയ്കയും നാം രൂപാന്തരപ്പെടുകയും ചെയ്യും. എന്തെന്നാൽ നശ്വരമായത് അനശ്വരതയും മത്യമായത് അമത്യതയും ധരിക്കു
വാൻ പോകുന്നു. ആഹായ് ബാറെക്മോർ.

## പെത്ഗോമൊ

ഹാലേലുയ്യു-ഉ-ഹാലേലുയ്യ പ്രീതിപ്പെട്ടിടണമേയടിയാനിൽ
ഏറും കൃപയാലിവനെ രക്ഷിക്ക-ഹാലേലുയ്യു.

ശെമ്മാശ്ശൂൻ/ശുശ്രൂഷക്കാരൻ: ബാറെക്മോർ. നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ, ദൈവത്തിൻെറ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

പുരോഹിതൻ: നിങ്ങൾക്കെല്ലാവക്കും സമാധാനം ഉണ്ടായിരിക്കട്ടെ.
പ്രതിവാക്യം: അവിടുത്തെ ആത്മാവിനോടുകൂടെ-ദൈവമായ കത്താവു ഞങ്ങളേയും യോഗ്യരാക്കിത്തീക്കുമാറാ-കട്ടെ.
പുരോഹിതൻ: ജീവൻ നൽകുന്ന(സുവിശേഷമായ) നമ്മുടെ കത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ, ലോകത്തിനു ജീവനും രക്ഷയുംപ്രഘോഷിക്കുന്ന യോഹന്നാൻ ശ്ലീഹായിൽ നിന്ന്.
പ്രതിവാക്യം: വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു-നമ്മുടെ രക്ഷയ്ക്കായ് തന്നെ അച്ചവനു സ്തൂതികളും-നാം എല്ലാവരുടെയും മേൽ തന്റെ അനുഗ്രഹങ്ങളും എന്നേ കടം ഉണ്ടാ യിരിക്കട്ടെ.

പുരോഹിതൻ: വിശുദ്ധ കന്യകമറിയാമ്മിൽ നിന്നു ശരീരിയായിത്തീന്ന ദൈവവും,ജീവന്റെ ചനവുംനമ്മുടെരക്ഷകനുമായകത്താവേശുമ്ശിഹായുടെ വ്യാപാരകാലത്ത് ഇവ ഇപ്രകാരം സംഭവിച്ചു.

പ്രതിവാക്യം: അങ്ങനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു.

## ഏവൻഗേലിയോൻ (തി. യോഹന്നാൻ ട: 16-29)

യേശു അവരോട് പറഞ്ഞത്: "ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു; പിതാവ് ചെയ്യുന്നതായ് കാണുന്നതല്ലാതെ പുത്രന് സ്വന്തമായി ഒന്നും ചെയ്യുവാൻ കഴിയുകയില്ല. എന്തെന്നാൽ പിതാവ് ചെയ്യുന്നവയെ-അപ്രകാരം തന്നെ-പുത്രനും ചെയ്യുന്നു. പിതാവ് തന്റെ പുത്രനെ സ്നേഹിക്കുകയും താൻ ചെയ്മൂന്നതെല്ലാം അവൻ കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. നിങ്ങൾ അത്ഭുതപ്പെടുവാനായിട്ട അവയിലുപരിയായിട്ടുള്ള പ്രവൃത്തികളേയും അവൻ കാണിച്ചുകൊടുക്കുന്നു. പിതാവ് മരിച്ചവരെ ഉദ്ധരിച്ച് ജീവിപ്പിക്കുന്നതുപോലെ തന്നെ പുത്രനും തനിക്കിഷ്ടപ്പെടുന്നവരെ ജീവിപ്പിക്കുന്നു. പിതാവിനെ ബഹുമാനിക്കുന്നതുപോലെ എല്ലാവരും പുത്രനേയും ബഹുമാനിപ്പാനായിട്ട പിതാവ് ഒരുവനും വിധി നൽകാതെ ന്യായവിധിയെല്ലാം പുത്രനെ ഏല്ിച്ചിരിക്കുന്നു. പുത്രനെ ബഹുമാനിക്കാത്തവർ അവനെ അയച്ച പിതാവിനേയും ബഹുമാനിക്കുന്നില്ല. ഞാൻ സത്യമായും സത്്യമായും നിങ്ങളോടു പറയുന്നു, എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവൻ നിത്യജീവൻ ഉണ്ട്. അവൻ ന്യായവിസ്താരത്തിലൂൾപ്പെടാതെ മരണം വിട്ട് ജീവനിലേക്ക് കടന്നിരിക്കുന്നു. ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു. മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന സമയം വരുന്നു. അത് ഇപ്പോൾ തന്നെയുമാകുന്നു. എന്തെന്നാൽ പിതാവിന് തന്നിൽ തന്നെ ജീവനുള്ളപ്രകാരം പുത്രനും തന്നിൽ തന്നെ ജീവനുണ്ടായിരിപ്പാൻ തക്കവണ്ണം വരം കൊടുത്തിട്ടുണ്ട്. ന്യായവിധിയും കൂടിയും നടത്തുവാൻഅവനെ അധികാരപ്പെടുത്തിയിരിക്കുന്നു.

എന്തെന്നാൽ അവൻ മനുഷയപുത്രനാകുന്നു. ശവക്കല്ലറയിൽ സ്ഥിതിചെയ്യുന്നവരെല്ലാം അവന്റെ ശബ്ദം കേട്ട് നന്മ ചെയ്തവർ ജീവനുവേണ്ടിയും

തിന്മചെയ്തുവർ ദണ്ഡവിധിക്കു വേണ്ടിയും പുനരുത്ഥാനം ചെയ്യുന്ന സമയം വരുന്നു. ഇതിൽ നിങ്ങൾ അത്ഭുതപ്പെടേണ്ട. നിങ്ങൾക്കെല്ലാവക്കും സംപ്രീതി ഉണ്ടായിരിക്കട്ടെ.

## ലുത്തിനിയ

നാമെല്ലാവരും ദുഃഖത്തോടും ഭയഭക്തിയോടും കൂടെ യോഗ്യമായി നിന്നുകൊണ്ട് ദൈവത്തിന് പ്രീതികരമായ ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്ന് ഏറ്റു ചൊല്ലണം. കുറിയേലായിസ്സോൻ.

ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ളവനും, മരണത്തിന്റെയും വിയോഗത്തിന്റെയും ഉടയവനും, ആത്മാക്കളുടെയും സവ്വജഡങ്ങളുടെയും ദൈവവുമായ മ്ശിഹാതമ്പുരാനോട് ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേലായിസ്സോൻ.

“ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിൽ ഉൾപ്പെടാതെ മരണത്തിൽ നിന്ന് ജീവനിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു"” എന്ന് അരുളിചെയ്കവനായ മ്ശിഹാതമ്പുരാനോട് ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേലായിസ്സോൻ.

മരിക്കുന്ന ഏവന്റെയും മരണഗതി കാലിൽ തുടങ്ങി തലവെരെ എത്തുന്നതിനിടയ്ക്ക് അവന്റെ മനസ്സ് അനുതാപത്തിലേക്ക് ധൃതിപ്പെട്ടുകൊണ്ടിരിക്കണം എന്ന്

ഇഞാനസമ്പൂണ്ണുമായ തന്റെ മനുഷ്യാവതാരത്തിൽ കല്പിച്ചു ക്രമീകരിച്ചിരിക്കുന്നവനായ മ്ശിഹാതമ്പുരാനോട് ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേലായിസ്സോൻ.

ഞങ്ങളെല്ലാവരുടെയും ആത്മാക്കളെ ആകെൽക്കറുസായുടെയും സൈന്യങ്ങളുടെയും ആധിപത്യത്തിൽ നിന്ന് സ്വതന്ത്രമാക്കി രക്ഷിച്ചവനായ കത്താവേ! ദുഷ്ടന്മാരുടെ ആത്മാക്കളെ പിടികൂടുവാനായി അന്തരീക്ഷത്തിൽ പതിയിരിക്കുന്നവരിൽ നിന്ന് ഈ ഞങ്ങളുടെ സഹോദരൻ ....... ടെ ആത്മാവിനെരക്ഷച്ച് സ്വർഗ്ഗീയ ഈശ്ലേമിൽ എത്തിക്കുമാറാകണമെ എന്ന് മ്ശിഹാതമ്പുരാനോട് ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേലായിസ്സോൻ

കത്താവേ! ഞങ്ങൾ കത്താവിന്റെ രണ്ടാമത്തെ വരവിൽ കത്താവിന്റെ എതിരേല്പിനായി പുറപ്പെടുകയും സകല പരിശുദ്ധന്മാരുമൊരുമിച്ച് കത്താവിനേയും കത്താവിന്റെ പിതാവിനെയും പരിശുദ്ധ റൂഹായേയും സ്തുതിക്കുകയും ചെയയത്തക്കവണ്ണം സന്തോഷ്പ്രദമായ കത്താവിന്റെ പുനരുദ്ധാനത്തിന്റെ പ്രകാശരശ്മീകളാൽ ഞങ്ങളെല്ലാവരുടെയും ആത്മാക്കളെ പ്രശോഭിപ്പിക്കണമെ. നാം മൂന്നുപ്രാവശ്യം കുറിയേലായിസ്സോൻ എന്ന് ഏറ്റുചൊല്ലണം.
കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

### (ബ്റംശൊ ലബൈത്തൊഖ്)

വത്സലരേ! ദൂര-ത്തെന്തിനു നിൽക്കുന്നെ-
ന്നരികിൽ വരിൻ ശ്ലോമൊ തരുവിൻ പ്രാത്ഥിച്ചിടുവിൻ
സങ്കട കീത്തനമെൻ-പേക്കായ് പാടിടുവിൻ
മൃതി പാതാളകവാടത്തിൽ ബന്ധിച്ചെന്നെ.

മരണത്തിൻ ദൂതൻ-പിറകെ വന്നപ്പോൾ
ചുറ്റും പാത്തേൻ തുണചെയ്യാൻ വന്നില്ലാരും
വിളികൂട്ടുന്നോക്കായ്-വെളിവാകും നാഥാ!
നിൻ ദൈവികമാം വലഭാഗേ നിത്തണമെന്നെ.

വത്സലരേ! സത്യം-ഭയമാന്നീടുന്നേൻ
കഠിനഭയത്താലെകതാരിളകീടുന്നു.
ജഗതിരക്ഷകനാം-മ്ശിഹാനൃപനെൻ പേർ-
ക്കാൾവിട്ടതിനാൾ പോകുന്നേൻ സങ്കടപുവ്വം
ബാറെക്മോർ-ശുബഹോ.....

ഭൂവനനിവാസികളേ! ശുഭമൊടുവാണിടുവിൻ
ലോകമയന്മാക്കില്ല ഗുണം കാലം മൂലം
പോകുന്നേൻ നൽകാ-നെന്റെ കണക്കെല്ലാം
സവ്വരഹസ്യ വിധീശൻ തൻ തിരുസന്നിധിയിൽ.

വൈരൂപ്യം സുമുഖർ-ക്കേകും മൃതിയെ നീ
സ്നേഹിതനൊടു മോദിപ്പോനെ ഖേദിപ്പിക്കും
വന്നിനി നിൻ ഭരണം-നീക്കിദുഃഖിതരെ
സ്വപ്രഭയാൽ മോദിപ്പിക്കും നാഥൻ ധന്യൻ.

പാഴുഴിയിലുയരും-ശുശാനപ്പൂക്കൾ ം
വ്രസ്ത്ം കൈപ്പണിയില്ലാത്തതു ചാത്തീടുംപോൽ
ആദാം മക്കൾക്കായ്-റൂഹ്ക്കുദിശാ നെയ്തു
വ്രസ്തമുയപ്പിൽ ചാത്തീടും പുണ്യാത്മാക്കൾ.

(പട്ടക്കാരൻ മൃതദേഹത്തിൽ തൈലം ഒഴിക്കുമ്പോൾ) പ്രാത്ഥന

തന്റെ ദൈവിക കല്പനയാലും കതൃഹിത്രപകാരവും ഈ സഹോദരനെ ഈ താൽക്കാലികജീവതത്തിൽ നിന്ന്യാത്രയാക്കിയ ദൈവമായകത്താവേ! തിരുസന്നിധിയിൽനിന്ന് സ്വഗ്ഗീയസേനകളുടെ സഹായം ഇവൻ അയച്ചുകൊടുക്കണമെ. ഇവന്റെ മൃതശരീരത്തിൽ വീഴ്ത്തപ്പെടുന്ന ഈ തൈലം മുഖാന്തിരം ആയാറിൽ പതിയിരുന്ന് മനുഷ്യാത്മാക്കളുമായ് പോരാട്ടം നടത്തുന്ന പ്രതികൂലസൈസന്യങ്ങളിൽ നിന്നും ശ്ത്രുവിന്റെ പാളയങ്ങളിൽ നിന്നും ഇവൻ രക്ഷപെടുമാറാകണമെ. പ്രകാശഭവനങ്ങളിൽ വിശുദ്ധന്മാരോടുകൂടിയുള്ള ആനന്ദത്തിലേക്ക് ഇവനെ ആനയിക്കുകയും ചെയ്യണമെ. ഇവൻ സന്തോഷത്തോടും ആനന്ദത്തോടും കൂടി കത്താവിനും കത്താവിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതി പാടുകയും ചെയ്യുമാറാകണമെ.

(മുഖത്തും നെഞ്ചത്തും കാൽമുട്ടുകളിലും കുരിശാകൃതിയിൽ തൈലം വീഴ്ത്തിക്കൊണ്ട്)

പ്രയത്നങ്ങളിൽ നിന്നുള്ള വിശ്രമത്തിനും യുദ്ധങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും വിശുദ്ധന്മാരോടുകൂടിയുള്ള ആനന്ദത്തിനുമായി പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധറൂഹായുടെ യും +- നാമത്തിൽ നിത്യജീവനുവേണ്ടി ഈ തൈലം ഒഴിക്കപ്പെടുന്നു.

പട്ടക്കാരൻ മണ്ണെടുത്ത് കുരിശാകൃതിയിൽ മൃതശരീരത്തിൽ ഉടുന്നു) നീ മണ്ണാകുന്നു, മണ്ണിലേക്ക് തന്നെ തിരികെ ചേരും, വീണ്ടും നവീകരിക്കപ്പെടുകയും ചെയ്യും

എന്നരുളിച്ചെയ്തര്പകാരം കര്ത്താവേ! ഇതാ തിരുവിഷ്ടം ഈ ദാസനില്‍ നിറവേറിയിരിക്കുന്നു.
(മൃതശരീരം കല്ലറയിലിറഥമന്നു)

## കോലൊ (അന്‍സൊഹദേ)

കബറില്‍-പൂകിടുമതിവീരന്‍-തന്നധികാ-രം
ചെയ്യും-വിസ്മയമാശ്ചര്യം-കൂറുംദൂതന്മാര്‍
ചേരും-ചിതറിയൊരെല്ലഖിലം-നേടും തേ-ജ
സാത്മാ-വൊടു തനുവും നാശം-കൂടാ-തുയിരേല്‍ക്കും

സ്തുത്യന്‍-മാത്താമറിയം തന്‍-സോദരനാ-കും
ലോവോ-സര്‍ ചിഞ്ഞെന്നാലുംജീവന്‍-കല്ലിച്ചോന്‍.
നീ ചൊ-ന്നപ്പോള്‍ യായീറോ-സ്സുത ജീവി-ച്ചാള്‍
മൃതരന്ത്യത്തില്‍ ജീവിക്കും-നിന്നാ-ഹ്വാനത്താല്‍.

ബാറെക്മോര്‍-

ശുബഹോ.....

മൃതസ-ങ്കേതേ മണ്മയനാ-മാദാമോ-ടായ്
നിയമം-തള്ളിയ-മണ്മയനേ-ഖേദി-ക്കേണ്ടാ നീ
മൃതിയും-ജീവനുമേകീടും-ദൈവസുതന്‍-ഞാ-
നെന്നോ-തിയ ബഹുബലവാനാം-സ്വര്‍ഗ്ഗീയന്‍ സ്ലൂത്യന്‍

ചാതുര്യത്തൊടു ഭൂവനത്തെ-മരണനുക-ത്തില്‍
ബന്ധി-ച്ചൊരു വിജ്ഞന്‍ സ്രഷ്ടാ-വുന്ന-തരായ്യേവും
നൃപരെ-പദവികളില്‍ നിന്നും ഭീകരരാ-കും
വിധിക-ത്താക്കളെ ഭരണത്തില്‍-നിന്നും-നീക്കുന്നു.

തൃപ്പാ-വന തനുവോടുയിരിന്‍-രുധിരവുമേ-റ്റൊരു
വിശ്വാ-സികള്‍ മൃതരേറ്റിടുമീധൂപ-ത്താല്‍ പുണ്യം
ജീവ-പ്രദനാം മ്ശിഹാ നിന്‍-ദൈവികമാം വല-
ഭാഗ-ത്തവര്‍ നിലകൊണ്ടങ്ങേ-സ്തുതി-പാ-ടീടട്ടെ.

(മണ്ണിടുമ്പോള്‍ ഈ സുഗീസൊ ചൊല്ലുന്നു)

## പെത്ഗോമൊ

അവന്‍ എന്നോടു പറഞ്ഞപ്പോള്‍ ഞാന്‍ സന്തോഷിച്ചു.
കര്ത്താവു വരും മൃതരെയുതിപ്പിക്കും
ശരണം നല്‍കും-സകല പരേതക്കും.

കര്ത്താവിന്റെ ഭവനത്തിലേക്ക് നാം പോകുന്നു.
നിങ്ങളില്‍ നിന്നെന്‍-പ്രിയരേ! പിരിയുന്നേന്‍
സ്വീകരണം ഞാന്‍-നേടാനഥിപ്പിന്‍.

കോഴയതെന്യേ-ദുഷ്ടനെ ശിഷ്ടനെയും
കൊണ്ടിഹ പോകും-മൃതിവച്ചോന്‍ ധന്യന്‍.

ഒരു നിമിഷം കൌ-ണ്ടുടയോനെ! മൃതരെ
ജീവിപ്പിക്കും-നിന്‍വരവതി ഗൂഢഃം.

എൻ കൃത്യങ്ങൾ-ചിന്തിച്ചഞ്ചുന്നേൻ
സ്വീകൃതനാവാ-നെൻ പേക്കത്ഥിപ്പിൻ.

എന്നെന്നേക്കും-ശ്ലോമൊ നൽകിടുവിൻ
ഓക്കിൻ പ്രിയരെ! എന്നെ പ്രാത്ഥനയിൽ

മൃതിയെ! കഷ്ടം-സാത്താനേ കഷ്ടം
നിങ്ങടെ ഭരണം-മ്ശിഹാ മായിക്കും

മിന്നലൊടുടയോ-നാഗതനായീടും
മൃതരെഴുന്നേൽക്കും-സ്തൂുതിഗീതം പാടാം.

ശുഭമൊടു പോവിൻ-വാതിലടച്ചിടുവിൻ
കത്താവു വരും-വാതിൽ തുറന്നു തരും

മരണം മായും സ്രഷ്ട്ാവിൻ ധ്വനിയാൽ
മൃതരെഴുന്നേൽക്കും-സംസ്കൃതരെഴുന്നേൽക്കും.

ക്രോബകളാക്കും-സ്രാപ്പികൾ കുഴലൂതും
പറുദീസാ ത-ന്നവകാശീ! വരിക.

സംരക്ഷകനാ-മീശോയെ സ്തോത്രം
മൃതി തൃക്കൈയിൽ-ജീവൻ തിരുവിഷ്ടം.

നമ്മുടെ രക്ഷയ്കകെഴുന്നള്ളിയ നാഥൻ
നമ്മുടെ ജീവ-ന്നെഴുന്നള്ളും നൂനം.

നിൻ സ്ലീബായെ-നമ്പിയതാമാത്മം

നിൻ വരവി-ങ്കൽ നിൻ കൃപ കാണേണം.

മൃതനാശകനേ-പ്രാണപ്രദദേവാ!
വന്ദനമീശോ!-രക്ഷാദായകനേ!

നാഥാ! വിധിയിൽ-നീ കൃപചെയ്തിടുവാൻ
നിന്നെ നമിക്കു-ന്നാത്മ ശരീരങ്ങൾ.

ആപൽസ്ഥാനം-നീങ്ങിയ നിൻ നക
ആനന്ദത്തിൻ-തുറമുഖമാന്നല്ലെ.

നിന്മെയ്യേറ്റോൻ-നിൻ നാദത്താൽ ഞാൻ
ഉണവൊടുയപ്പിൽ-സ്തൂതി പാടീടേണം.

ആപൽസ്ഥാനം-തരണം ചെയ്തിടുവാൻ
കതൃസ്ലീബാ-പാലമതാകട്ടെ.

ജീവനി നാദം-കേൾക്കും മൃതലോകം
കല്ലറകളിൽനി-ന്നുയരും സ്തുതിഗീതം.

കൃപചെയ്യുണമേ-നിൻ കൃപയാലെന്നിൽ

ഞാൻ കാണണമേ-നിൻ കൃപ നിൻ വരവിൽ.

അഭിനവസൂര്്യയൻ-കതിരൊളി വിതറീടും
പ്രാണപ്രദനെ-മൃതിനിവഹം വാഴ്ത്തും.

സഭയും സുതരും-പിത്്യ സുത റൂഹായെ
സ്തൂതിഗീതത്തോ-ടൊത്തു വണങ്ങീടും.

(തുടർന്ന് )

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വന്നവനും ഞങ്ങളുടെ പുനരുത്ഥാനത്തിനായി വരുവാനിരിക്കുന്നവനുമായ കത്താവേ! തിരുനാമത്തെ സ്ത്രോത്രം ചെയ്യാനായി ബന്ധനത്തിൽ നിന്ന് എന്നെ മോചിപ്പിക്കണമെ. ഞങ്ങളുടെ കത്താവിന് സ്തൂതി. ഞങ്ങളുടെ കത്താവിന് സ്കൂതി. ഞങ്ങളുടെ ശരണവുമേ എന്നേക്കും സ്തൂതി. ഖാറെക്മോർ.

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ മാലാഖമാരുംപ്രാധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങളും നിന്നെ സ്തുതിക്കുന്നു.

എല്ലാക്കാലവും എല്ലാസമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യ മക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ തന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം തനിക്കു ഞങ്ങൾ സ്ധപ്പിക്കുന്നു.

സർവ്വശക്തിയുള്ള പിതാവും സവാധിപതിയും സ്രഷ്ടരാവുമായിരിക്കുന്ന ദൈവമായ കത്താവേ! തന്നേയും യേശുമ്ശിഹാ ആയ ഏകപുത്രനായ ദൈവമായ

കത്താവേ!വിശുദ്ധറൂഹായോടുകൂടെ തന്നേയും തന്റെ സ്കൂതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടേ! ഞങ്ങളോടു കരുണചെയ്യുണമേ.

പിതാവിന്റെ വലത്തുഭാഗത്തു മഹത്വത്തോടുകൂടിയിരിക്ടന്നവനേ! ദയവുണ്ടായി ഞങ്ങളോടു കരുണചെയ്യുണമേ.

എന്തെന്നാൽ താൻമാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിൽ വിശുദ്ധ റൂഹായോടുകൂടെ യേശുമ്ശിഹാ ആയ താൻ മാത്രം കത്താവാകുന്നു. അമ്മീൻ.

എല്ലാക്കാലവും ഞങ്ങൾ ജീവനോടിരിക്കുന്നനാളൊക്കെയും തന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യതയുള്ളതുമായ തന്റെ പരിശുദ്ധ തിരുനാമത്തെ സ്തൂതിക്കയും ചെയ്യും

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ളകത്താവേ! വാഴ്ത്തപ്പെട്ടവനാക്കുന്നു. തിരുനാമം മഹത്വമുള്ളതും എന്നെന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

സ്കൂതി തനിക്കു യോഗ്യമാകുന്നു. മഹത്വം തനിക്കു യുക്തമാകുന്നു. സകലത്തിന്റേയും ദൈവവും സത്യത്തിന്റെ പിതാവുമായവനേ!_ തനിക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ചചേച്ചയാകുന്നു. അത് ഇപ്പഴും എല്ലായിപ്പോഴുംഎന്നേക്കും തന്നെ. അമ്മീൻ.

## (മോറാൻ യേശുമ്ശിഹാ)

ഞങ്ങളുടെ കത്താവായ യേശുമ്ശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരേ അടയ്ക്കരുതെ. കത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ. കത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായിക്കപ്പെടുവാനായിട്ട് തിരുസ്തേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് തന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ ഞങ്ങളോടു കരുണ ചെയ്യണമെ. (മൂന്നു പ്രാവശ്യം ചൊല്ലണം)

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യൂണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പേലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള

ആഹാരം ഇന്നും ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിനപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കുംതനിക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവം തമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമെ.
ആമ്മീൻ.

പുരോഹിതൻ: സവ്വ ശക്തിയുള്ള പിതാവും സ്വഗ്ഗത്തിന്റേയും ഭൂമിയുടേയും
പ്രതിവാക്യം: കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും ശരീരയായിത്തീന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടികുരിശിൽ തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരു മനസ്സായ പ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജയത്തിനു അവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസി ക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കത്താവും പിതാവിൽ നിന്നു പുപ്പെട്ടു പിതാവിനോടും പുര്ത്തനോടും കൂടെ വന്ദിക്കപ്പെട്ടുസ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരുംമുഖാന്തിരംസംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വി ശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചുപോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയജീവനുമായി ഞങ്ങൾനോക്കിപ്പാക്കുന്നു. ആമ്മീൻ
ബാറെക്മോർ, സ്കൌമെൻ കാലോസ് കുറിയേലായിസ്സോൻ

മക്കളിലപ്പൻ കൃപചെയ്യതുപോലെ-ഹാലേലുയു
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും

പുല്ലിനു തുല്യം നരനുടെ നാളുകളഹോ-ഹാലേലുയ്യ
പൂക്കുന്നിതു വയലിൽ പൂ-ച്ചെടിപോലെ
ബാറെക്മോർ ശുബഹോ.... മെനരഓാലം....

ശരണത്താലെ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണത്തണമെ
കബറിന്നുദ്യാനത്തിനായ്
സ്തൌമെൻ...... കുറിയേലായിസ്സോൻ

നാഥാ! താവകമിരുലോ-കം
നിന്നധികാരം താനെ-ങ്ങും
സ്ളീബായാൽ ജീവിതരെ-ക്കാ
ത്തൻപാൽ മുക്തി മൃതക്കേ-ക
ബാറെക്മോർ ശുബഹോ....

സ്തോത്രം! മൃതജീവപ്ര-ദനെ!
കബറീന്നേറ്റീടുന്നോ-നേ!
നിൻപ്രേഷകതാതനുമ-മലൻ
റൂഹായ്ക്കും ഹാലേലുയ്യ മൊറിയോ......
തൻമരണത്താൽ-മരണത്തേ
ജീവിപ്പിച്ചവനാം-ദൈവസുതാ!

സ്തുതി ദൈവത്തിന്നെ-ന്നാക്കാൻ
അടിയാരേ പൂഴീന്നേറ്റണമേ.

ഉയിരേകുന്നോൻ രാജാ-
വുയരത്തിൽനിന്നെഴുന്നെള്ളി
ജീവൻമൃതരാ-മേവക്കും നൽകുന്നു
കബറുകളിൽനിന്നി-
അവരവരുയിരോടെഴുന്നേറ്റു
ഉയിരേകും നി-ന്നേ സ്തൂതിചെയ്തീടുന്നു. ബാറെക്മോർ. ശുബഹോ...

എന്റെ ശരീരം ഭക്ഷിച്ചെൻരക്തം പാനം ചെയ്യോൻ
പാതാളത്തിൽ-പോകാനായ് വിടാഞ്ഞാൻ
എന്നുമവൻ .ജീവിപ്പാനങ്ങത്തീട്ടു മരിച്ചതു ഞാൻ
എന്നും കത്താ-തന്നരുളിന്നു മഹത്വം.
മൊറിയോറാഹേം.......

രക്ഷകനേ നിൻഗാത്രത്തേഭക്ഷിച്ചും നിൻ
വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരേ നാശംനീക്കിഇജ്ജീവിപ്പിച്ചു്
അണിയേണം നിന്നേനോക്കുന്നവരിൽ കാന്തി.
ബാറെക്മോർ ശുബഹോ......

മൃതരേജീവിപ്പിപ്പാനെഴുന്നെള്ളും രാജാ
മുകിലഴകിൻമേലാഘോഷിതനായീടുന്നു
നയവാന്മാർ തൻ മുൻകൊമ്പിൻനാദം കേട്ടിട്ട്
അങ്കിയണിഞ്ഞെതിരേല്ലാനായ് പോയീടുന്നു.
മൊറിയോറാഹേം.......

## ഹൂത്തോമ്മൊ

ഞങ്ങളുടെ കത്താവും നിത്യ ദൈവവുമേ! തനിക്കു സ്തുതി, തനിക്കു സ്തുതി, തനിക്കു സ്തുതി. കത്താവേ! തിരു കൃപയാലും മഹാകരുണയാലും ഞങ്ങളുടെ പ്രാത്ഥന

കേൾക്കണമെ. ഞങ്ങളുടെ ശുശ്രൂഷകളെ അംഗീകരിക്കണമെ. ഞങ്ങളുടെ സഹായത്തിനു വന്ന് ഞങ്ങളുടെ മരിച്ചവക്ക് പാപപരിഹാരം നൽകണമെ. സത്യവിശ്വാസത്തോടെ കത്താവിലുള്ള ശരണത്തിൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈ ദാസനു പാപപരിഹാരം നൽകുകയുംചെയ്യുണമെ.

ഇന്നേ ദിവസം സത്യവിശ്വാസത്തോടും ദൈവികമായ യോഗ്യതയോടും കൂടി ക്രിസ്ത്യാനിക്കുചിതമായ നിലയിൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈ മ്ശിഹായുടെ ഭൃത്യനെ ദൈവം തന്റെ നിർമ്മലമായ തൃക്കൈകളിൽ അംഗീകരിക്കുവാൻ വേണ്ടി നമുക്കെല്ലാവക്കും കൂടി അവിടുത്തെ കരുണയോടെ പ്രാത്ഥിക്കാം.

കത്താവ് സന്തോഷപൂണ്ണമായ ഉന്നതസ്ഥാനം ഇവൻ നൽകട്ടെ. സ്വഗ്ഗരാജ്യത്തിലെ മണവറയും തോട്ടവും മേശയും കത്താവ് ഇവന നൽകുമാറാകട്ടെ. കണ്ണുകളാൽ കാണപ്പെടുകയോ ചെവികളാൽ കേൾക്കപ്പെടുകയോ മനുഷഹൃദയത്താൽ ഗ്രഹിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്തതും ദൈവം തന്നെ സ്നേഹിക്കുന്നവക്കായി ഒരുക്കിയിരിക്കുന്നതുമായ വാഗ്ദാനം കത്താവ് ഇവനിൽ നിവത്തിയാകട്ടെ. കത്താവ് ഇവന്റെ പാപങ്ങൾ പരിഹരിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യട്ടെ. ക്ലേശപൂണ്ണമായ ഇഹലോകത്തിൽ വച്ച് ഇവൻ ചെയ്തു പോയിട്ടുള്ള പാപങ്ങളും തെറ്റുകളും ദൈവം മായിച്ചുകളയുകയും തന്റെ മഹാകരുണയാൽ അവയെ ഓാക്കാതിരിക്കയും ചെയ്യട്ടെ. നീതിമാന്മാരിൽ കരുണചെയ്യുന്നതായ സമയത്ത്

ഇവനിലും കരുണചെയ്യുമാറാകട്ടെ. കൃപാലുവായ തന്നെ കോപിപ്പിച്ചു ദുഷ്ടന്മാരോടു ദൈവം പ്രതികാരം ചെയ്യുന്ന സമയത്ത്-കരുണ ആവശ്യമായ് വരുന്ന ആദിവസത്തിൽ- ദൈവം ഇവനിൽ കരുണചെയ്യട്ടെ. ദൈവം തന്റെവിശുദ്ധന്മാരുടെയും തെരഞ്ഞെടുക്കപ്പെടുന്നവരുടെയും കൂട്ടത്തിൽ ഇവനെ ആനന്ദിപ്പിക്കട്ടെ. ആ ദരിദ്രനായ ലാസറിനോടുകൂടെ ഇവനെയും ദൈവം ആനന്ദിപ്പിക്കട്ടെ. കാരുണ്യമാകുന്ന നല്ല എണ്ണകൊണ്ട് തങ്ങളുടെ ദീപയഷ്ടികൾ കെട്ടുപോകാതെ സൂക്ഷിച്ച ബുദ്ധിമതികളായ ആ അഞ്ചു കന്യകമാരോടൊലപ്പം ദൈവം ഇവനെയും ആനന്ിപ്പിക്കുമാറാകട്ടെ. തങ്ങളുടെ അടുക്കൽ നിന്നുള്ള ഇവന്റെ വേർപാടിൽ വിലപിച്ചും ദുഃഖിച്ചും ഇവിടെ അവശേഷിച്ചിരിക്കുന്നവരെ മ്ശിഹാതമ്പുരാൻ കരുണയോടെ ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തട്ടെ. കത്താവ് അവരുടെ മുഖത്തു നിന്ന് കണ്ണുനീരും ഹൃദയത്തിൽ നിന്ന് നീറുന്നവേദനയും നീക്കികളഞ്ഞ് അവരിൽ സത്യമുദ്രത്തിൽ പതിക്കുമാറാകട്ടെ. ലാസറിന്റെ സഹോദരികളെ തങ്ങളുടെ സഹോദരന്റെ ഉയപ്പു മൂലം സന്തോഷിപ്പിച്ചവനായ ദൈവം ഇവന്റെ വേർപാടിൽ ദുഃഖിച്ചിരിക്കുന്ന എല്ലാവരെയും ആശ്വസിപ്പിച്ച് സന്തോഷിപ്പിക്കട്ടെ. വത്സലസഹോദരങ്ങളെ! പരസ്തരം ആശ്വസിപ്പിക്കുവിൻ, അന്യോന്യം ധൈര്യപ്പെടുത്തുവിൻ, മരിച്ചവരുടെ സംസ്ക്കാരത്തിൽ നീതീകരണം പ്രാപിക്കുവിൻ. മൃതനിൽ നിന്ന് കരുണപിൻവലിക്കരുത്. വിരുന്നുഭവനത്തിൽ പോകുന്നതിനേക്കാൾ ഉത്തമം വിലാപഭവനത്തിൽ പോകുന്നതാണ്, എന്നുള്ള കല്പനയനുസരിച്ച് വിശുദ്ധസഭയുടെ പ്രജകൾ എന്ന നിലയിൽ ഇപ്പോൾ നിങ്ങൾ വന്ന് ആ ദൈവികമായ തിരുവെഴുത്ത് നിവഹിച്ചിരിക്കുന്നു. ദൈവം നിങ്ങളുടെ സഹായത്തിന് വന്ന് നിങ്ങൾക്ക് സമാധാനവും ശാന്തിയും നൽകട്ടെ. കത്താവ് തന്റെ മഹാകരുണയാൽ നിങ്ങളുടെ കടങ്ങൾ പരിഹരിക്കുകയും തെറ്റുകൾ ക്ഷമിക്ജുകയും ചെയ്യട്ടെ. ഉത്തമഹൃദയത്തോടും വെടിപ്പോടും വിശുദ്ധിയോടും കൂടി നിങ്ങൾ വിളിക്കുന്ന ഏതു സമയത്തും കത്താവായ യേശുമ്ശിഹാ നിങ്ങൾക്കുത്തരമരുളും ഐശ്വര്യപൂണ്ണുമായ തന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് കത്താവ് നിങ്ങളുടെ യാചനകൾക്ക് മറുപടി അയച്ചു തരികയും ചെയ്യും. “എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ! ലോകാരംഭത്തിനു മുമ്പു തന്നെ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വഗ്ഗരാജ്യം വന്ന് അനുഭവിച്ചുകൊള്ളുവിൻ"" എന്നരുളിച്ചെയ്യുന്ന സന്തോഷ്പ്രദമായ ശബ്ദും കേൾക്കുവാൻ ദൈവം നിങ്ങൾക്ക് സംഗതിയാക്കട്ടെ. നിങ്ങളുടെയും നിങ്ങളുടെ പരേതരുടെയും തന്റെ ശരണത്തിൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈ മ്ശിഹായുടെ ദാസന്റെയും പാപങ്ങൾ കത്താവ് പരിഹരിക്കട്ടെ. കത്താവ് ഇവനെ തന്റെ വലത്തു ഭാഗത്തു വിളിച്ചുനിറുത്തുമാറാകട്ടെ.

ആദ്യമനുഷ്യൻ പാപം ചെയ്യുന്നതിനു മുമ്പ് അവന്റെ കൂടാരം കത്താവ് സ്ഥാപിച്ച അതേ സ്ഥാനത്തു തന്നെ ഇവന്റെ വാസവും ആനന്ദവും ആയിത്തീരുമാറാകട്ടെ. ദൈവമാതാവായ മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാത്ഥനയാൽ സ്വഗ്ഗീയ സഭയിലും ഈ ഭനമികസഭയിലും ഇവയെല്ലാം സാധിക്കുമാറാകണമെ എന്നു ഞങ്ങൾ പ്രാത്ഥിക്കുകയും ചെയ്യൂന്നു.

ദൈവം തന്റെ ശരണത്തിന്മേൽ നിദ്രപ്രാപിച്ചിരിക്കുന്ന തന്റെ ദാസനും ആരാധകനുമായ ഇവനെ കൃപയോടെ ആശ്ധവസിപ്പിക്കുമാറാകട്ടെ. നമ്മുടെ ഈ കൂട്ടത്തിന്മേൽ ദൈവത്തിന്റെ കരുണ എന്നെന്നേയ്ക്കും രണ്ടു ലോകങ്ങളിലും ഉണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ.